മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 05 No. 28 THE ONLINE OFFICIAL NEWS BULLETTIN 2022 July 09

SEASON OF PENTECOST | **പെന്തിക്കോസ്തികാലം**

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
10	11 	12 	13	14	15 	16
♪4	♪8	♪4	♪8	♪4	♪8	♪4
5th Sunday after Pentecost 249th Mem. of Yuhanon Mor Gregorios (Mulanthuruthy Church)	113th Mem. of 'Sabha Thejas' Pulikkottil Joseph Mar Dionysius II (Founder of MD & Parumala Seminary)	1st Memory of Mar Baselios Marthoma Paulose II (Devalokam Catholicate Aramana)			Comme. of the Martyrs St. Kuriakose, Mother Marth Yuliethi & St. Abhai	



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അബുദാബി കൊട്ടാരത്തിൽ യുഎഇ ഭരണാധികാരികളെ സന്ദർശിച്ചു. യുഎഇ സഹിഷ് ണുത മന്ത്രി ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ പരിശുദ്ധ പിതാവിനെ സ്വീകരിച്ചു. യുഎഇ പ്രസിഡന്റായിരുന്ന ശൈഖ് ഖലീഫ ബിൻ സയിദ് അൽ നഹ്യാന്റെ വേർപാടിൽ മലങ്കര സഭയുടെ അനുശോചനം നേരിട്ടറിയിക്കുകയും, യു.എ.ഇ. യുടെ മൂന്നാമത്തെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന് രാജ്യത്തെ അഭിവൃദ്ധിയിലേയ്ക്കും ഉന്നതിയിലേയ്ക്കും എത്തിക്കാൻ പുതിയ പ്രസിഡന്റിന് എല്ലാ അനുഗ്രഹങ്ങളും സർവ്വേശ്വരൻ ചൊരിയട്ടെയെന്ന് ആശംസകൾ നേരുകയും ചെയ്തു. യുഎഇ യിലെ മലങ്കരസഭയുടെ ദൈവാലയങ്ങൾക്ക് ചെയ്തുതരുന്ന എല്ലാ സഹായങ്ങൾക്കും പ. ബാവാ നന്ദി അറിയിച്ചു.



മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തു എത്തിയതിനുശേഷം ആദ്യമായി ദുബായ് സെന്റ് തോമസ് കത്തീഡ്രൽ സന്ദർശിച്ച പ. മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് അനുമോദനം അർപ്പിച്ചുള്ള പൊതുസമ്മേളനം ദുബായ് കത്തീഡ്രൽ അങ്കണത്തിൽ നടന്നു. യുഎഇ യിലെ സർക്കാർ പ്രതിനിധികൾ, മലങ്കരസഭാസ്ഥാനികൾ, യുഎഇ യിലെയും ഭാരതത്തിലേയും സാമൂഹ്യ സാംസ്കാരിക നേതാക്കൾ പൊതുസമ്മേളനത്തിൽ പങ്കെടുത്തു.



ദോഹ ഓർത്തഡോക്സ് പള്ളിയിൽ ശ്ലൈഹിക സന്ദർശനം നടത്തുന്ന പരിശുദ്ധ കാതോലിക്ക ബാവായ്ക്ക് നൽകിയ സ്വീകരണം. ഗ്രീക്ക്, ഓറിയന്റൽ ഓർത്തഡോക്സ് സഭാ പ്രതിനിധികളും, കത്തോലിക്കാ സഭ പ്രതിനിധികളും, ഇതര എപ്പിസ്കോപ്പൽ സഭാ പ്രതിനിധികളും, സാമൂഹിക, സാംസ്കാരിക, നയതന്ത്ര മേഖലയിലെ പ്രതിനിധികളും പങ്കെടുത്തു.



പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ ഒന്നാം ഓർമ്മപ്പെരുന്നാളിന് കുര്യാക്കോസ് മാർ ക്ലീമ്മീസ് കൊടിയേറ്റി.

ലേഖനം

നിർമ്മല സ്നേഹത്തിന്റെ വിശുദ്ധ തേജസ്സ്

പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

മലങ്കരസഭയെ ഹൃദയത്തോട് ചേർത്തുനിർത്തി അതിരുകളില്ലാത്ത നിർമല ദൈവസ്നേഹത്തെ ലോകത്തിനു പകർന്നു നൽകിയ മഹിതാചാര്യൻ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി ഭാഗ്യകരമായ തന്റെ ഇടയശുശ്രൂഷകൾ പൂർത്തീകരിച്ചു ദൈവസന്നിധിയിലേക്ക് മടങ്ങി. അതുല്യമായ ആ ജീവിതത്തെ എന്റെ ജീവിതത്തോടു ചേർത്ത് നിർത്തി അനുസ്മരിക്കുമ്പോൾ ആ പിതാവിന്റെ ദേഹവിയോഗം മൂലം ഉണ്ടായിരിക്കുന്ന തീരാനഷ്ടം എന്നെ ഏറെ ഭാരപ്പെടുത്തുന്നുണ്ട്. എങ്കിലും ജീവിച്ചിരുന്ന ബാവായെക്കാൾ കരുത്തനായ ഒരു സ്വർഗീയ മധ്യസ്ഥനായി ആ പിതാവ് മലങ്കരസഭക്ക് എന്നും ഒരു കോട്ടയായി ഉണ്ടാകും എന്ന പ്രത്യാശ എന്നെ ധൈര്യപ്പെടുത്തുന്നുണ്ട്.


ഓർമ്മ ജൂലൈ 13–ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ

കണ്ടനാട് ഭദ്രാസന അധിപനും എന്റെ മുൻഗാമിയുമായിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് പിതാവിന്റെ വാക്കുകളിലൂടെയാണ് ഞാൻ ആദ്യമായി പരിശുദ്ധ പിതാവിന്റെ സ്വഭാവ മഹിമയെപ്പറ്റി കേട്ടറിയുന്നത്. എറണാകുളം സെന്റ് മേരീസ് ദേവാലയത്തിൽ പരിശുദ്ധ പിതാവ് പോൾ അച്ചനായി സേവനം അനുഷ്ഠിച്ചുവരുന്ന സമയം മുതൽ ആരംഭിച്ചതായിരുന്നു അവർ തമ്മിലുള്ള സ്നേഹബന്ധം. അവർക്കിടയിൽ രൂപപ്പെട്ട ആഴത്തിലുള്ള ഈ അടുപ്പം പിന്നീട് പരിശുദ്ധ പിതാവ് കുന്നംകുളം മെത്രാസനത്തിന്റെ അധിപനായി ചുമതല ഏറ്റടുത്തതിന് ശേഷം കൂടുതൽ ബലപ്പെടുകയായിരുന്നു. പ്രശ്നസങ്കീർണമായ അന്നത്തെ കണ്ടനാട് ഭദ്രാസന ഭരണത്തിൽ ഉളവായ എല്ലാ വിഷമ ഘട്ടത്തിലും അഭിവന്ദ്യ പക്കോമിയോസ് തിരുമേനിക്ക് ആവശ്യമായ പിന്തുണയും, പ്രാർത്ഥനയും ബലവും നൽകി അന്നത്തെ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി കൂടെ നിന്നു. പിന്നീട് ആ മെത്രാസനത്തിന്റെ ഭരണ ചുമതലയിൽ അഭിവന്ദ്യ പക്കോമിയോസ് തിരുമേനിക്ക് പിൻഗാമിയായി സഭ എന്നെ നിയമിച്ച കാലം മുതൽ ആ പിതാവിന്റെ സ്നേഹവും വാത്സല്യവും എനിക്ക് ഇന്നെയോളം അനുഭവിച്ചറിയുവാൻ ഭാഗ്യം ഉണ്ടായി. ഭാഗ്യസ്മരണാർഹനായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോലഞ്ചേരി മെഡിക്കൽ മിഷനിൽ വിളിച്ചു ചേർത്ത സഭാ മാനേജിംഗ് കമ്മിറ്റിയുടെ നിശ്ചയപ്രകാരം കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ കണ്യാട്ടുനിരപ്പ് പള്ളിയിലും കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ കോലഞ്ചേരി പള്ളിയിലും കോടതിവിധികൾ നടപ്പാക്കിക്കിട്ടുന്നതിനുവേണ്ടി 2002 ഡിസംബർ 9 മുതൽ 18 വരെ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയും ഞാനും കൂടി നടത്തിയ ഉപവാസ യജ്ഞത്തിന് വളരെയധികം പ്രചോദനമായി നിന്നത് അന്ന് കുന്നംകുളം ഭദ്രാസനാധിപനായിരുന്ന പൗലോസ് മാർ മിലിത്തിയോസ് തിരുമേനി ആയിരുന്നു. കണ്ടനാട് മെത്രാസനത്തോട് മാത്രമല്ല, സഭാപ്രശ്നം മൂലം വിഷമത അനുഭവിക്കുന്ന എല്ലാ മെത്രാസനങ്ങളെയും ഇടവകകളെയും ആ പിതാവ് അത്രമേൽ കരുതുകയും, സ്നേഹിക്കുകയും അവരുടെ എല്ലാ പ്രശ്നങ്ങളിലും താങ്ങും തണലും ആയി നിലകൊള്ളുകയും ചെയ്തു. മെത്രാസനത്തിന്റെ ഏതു വിഷയങ്ങളിലും ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായം ആരായുകയും അദ്ദേഹം അതിനു കൃത്യമായ പോംവഴികൾ പറഞ്ഞു തന്നു സഹായിച്ചു അവസാനത്തോളം കൂടെ നില്ക്കുകയും ചെയ്തത് ഈ സമയത്ത് നന്ദിയോടെ ഓർക്കുകയാണ്. പരിശുദ്ധ പിതാവിന്റെ നിലപാടുകൾക്കൊപ്പം ഞാൻ ഉറച്ചു നിൽക്കും എന്ന വിശ്വാസം തനിക്കുള്ളത് കൊണ്ടാണ് പല സന്ദർഭങ്ങളിലും അദ്ദേഹത്തിന്റെ അഭാവത്തിൽ സഭയുടെ മാനേജിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള പല പ്രധാന സമിതികളിലും അദ്ധ്യക്ഷത വഹിക്കുവാൻ എന്നെ അദ്ദേഹം ചുമതലപ്പെടുത്തിയതും പല ഭദ്രാസനങ്ങളുടെയും ഭരണത്തിൽ പരിശുദ്ധ പിതാവിനെ സഹായിക്കുവാൻ എന്നെ നിയോഗിച്ചതും എന്ന് അദ്ദേഹം അത്തരുണത്തിൽ എന്നോട് പറഞ്ഞത് അഭിമാനത്തോടെ ഓർക്കുന്നു. കുറച്ചുനാളെങ്കിലും അദ്ദേഹത്തിന്റെ അസിസ്റ്റന്റായി എന്നെ നിയോഗിച്ചതും അപ്രകാരം പരിശുദ്ധ പിതാവിന്റെ അവസാന നാളുകളിൽ അദ്ദേഹത്തിന് ബലമായി കൂടെ നിൽക്കാൻ കഴിഞ്ഞതും ജീവിതത്തിലെ ദിവ്യനിയോഗവും ഭാഗ്യവുമാണ് എന്ന് ഞാൻ കരുതുന്നു.

പരിശുദ്ധ ബാവാ തിരുമേനി ചെയ്ത നിസ്തുലമായ സഭാ ശുശ്രൂഷയുടെ അനുഗ്രഹമെന്നോണം പരിശുദ്ധമായ കാതോലിക്ക സ്ഥാനം ദൈവം ഒരു നിയോഗം പോലെ അദ്ദേഹത്തെ ഭരമേൽപ്പിക്കയായിരുന്നു. ആ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടശേഷം അദ്ദേഹം ഭദ്രാസന ഭേദമെന്യേ സഭയെ മുഴുവനായും ഒരു കുടുംബം എന്നവണ്ണം ഒന്നായി കണ്ടു സ്നേഹിച്ചു പരിപാലിച്ചു. ഓരോ തിരുമേനിക്കും അദ്ദേഹം അവരുടെ ഭദ്രാസനത്തെ കൂടുതൽ കരുതി എന്ന് തോന്നത്തക്കവിധം ഓരോ ഭദ്രാസനങ്ങളും അഭിമുഖീകരിച്ചിട്ടുള്ള നാനാവിധമായ വിഷമങ്ങളിൽ അവർക്കു കരുതലും സഹായവും പ്രാർത്ഥനയുമായി പരിശുദ്ധ പിതാവ് കൂടെ നിന്നു. പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തിന്റെ എല്ലാ പ്രൗഢിയും ഉറപ്പാക്കികൊണ്ടു തന്നെ സഭാ ഭരണത്തിൽ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ ഭരണഘടന വിഭാവനം ചെയ്യുന്ന മെത്രാപ്പോലീത്താമാരുടെ കൊളീജിയാലിറ്റിക്കു അർഹമായ പരിഗണന നൽകികൊണ്ട് തന്നെ ഒരു കാതോലിക്കാ എങ്ങനെ ആയിരിക്കണം എന്നതിൽ അദ്ദേഹം നമുക്ക് ഉത്തമ മാതൃക കാട്ടിത്തന്നു. ഓരോ മെത്രാസനത്തെയും സ്വന്ത ഭവനം പോലെ തന്നെ തിരുമേനി കാണുകയും അവിടെയുണ്ടാകുന്ന ആഭ്യന്തര പ്രശ്നങ്ങൾ തിരുമേനിയുടെ ശ്രദ്ധയിൽപെട്ടാൽ അതു പരിഹരിക്കാൻ അനുയോജ്യരായവരെ തിരുമേനി നിയോഗിക്കുകയും നിയമവിധേയമായിത്തന്നെ അവ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പരിഹരിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്തു എന്നത് അദ്ദേഹത്തിന്റെ ഭരണനൈപുണ്യം വെളിപ്പെടുത്തുന്ന വസ്തുതയാണ്. സഭയുടെ മുമ്പോട്ടുള്ള സങ്കീർണമായ ഭരണവഴികളിൽ എല്ലാ പിതാക്കന്മാരെയും ചേർത്ത് നിർത്തിക്കൊണ്ട് എങ്ങനെ ഒരേ ലക്ഷ്യത്തിലേക്കു സഭാ നന്മയെ കരുതി നീങ്ങുവാൻ സാധിക്കും എന്നു പരിശുദ്ധ പിതാവ് തന്റെ പിൻഗാമികൾക്കു ഉത്തമമായ ദൃഷ്ടാന്തം കാട്ടിത്തന്നിരിക്കുന്നു.

പരിശുദ്ധ പിതാവ് സഭാചരിത്രത്തിൽ അറിയപ്പെടുവാൻ പോകുന്നത് നിർണായകമായ ഒരു കാലഘട്ടത്തിൽ വിശ്വാസ പോരാട്ടത്തിന് സ്വജീവിതം സമർപ്പിച്ച രക്തസാക്ഷി എന്ന നിലയിൽ ആയിരിക്കും എന്നതിൽ സംശയമില്ല. നിരവധി സന്ദർഭങ്ങളിൽ തന്റെ ജീവനേക്കാൾ വലുത് പരിശുദ്ധ സഭയുടെ സ്വാതന്ത്ര്യവും അഭിമാനവും ആണ് എന്ന് അദ്ദേഹം പറയുന്നതിന് ബലഹീനനായ നാമും സാക്ഷിയാണ്. 2010 നവംബർ 1-നു കാതോലിക്കാ സ്ഥാനത്തേക്ക് പരിശുദ്ധ പിതാവ് അവരോധിതനായതിനു ശേഷം കോലഞ്ചേരി പള്ളിയിൽ കോടതിവിധി നടപ്പിലാക്കുന്നതിനു വേണ്ടി 2011 സെപ്തംബർ മാസം 11-ാം തീയതി മുതൽ 8 ദിവസം ഉപവാസം അനുഷ്ഠിച്ചുകൊണ്ട് തന്റെ സഭയുടെ വിശ്വാസ സംരക്ഷണ പോരാട്ടങ്ങൾക്ക് പിതാവ് തുടക്കം കുറിച്ചു. എനിക്കും അദ്ദേഹത്തോടൊപ്പം ആ ദിനങ്ങളിൽ ഉപവസിച്ചു പിതാവിനോടൊപ്പം ആയിരിക്കുവാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കാണുന്നു. ഉപവാസത്തിൽ നിന്ന് തന്നെ പിന്തിരിപ്പിക്കുവാൻ വന്ന രാഷ്ട്രീയക്കാരോടും, മേലുദ്യോഗസ്ഥരോടും 'ഞാൻ മലങ്കരസഭയുടെ മേലധ്യക്ഷനാണ്. എന്റെ ജീവനല്ല എന്റെ സഭയാണ് എനിക്ക് വലുത്. കോടതിവിധി നടപ്പിലാക്കി തന്നില്ലെങ്കിൽ എന്റെ ജീവൻ പോയാലും ഞാൻ ഇവിടെ നിന്ന് മാറുകയില്ല' എന്ന് ധീരതയോടെ പറയുന്ന പിതാവിന്റെ മുഖം മലങ്കര സഭയ്ക്ക് എങ്ങനെയാണ് മറക്കുവാൻ കഴിയുന്നത്. കോലഞ്ചേരി പള്ളിയോടുള്ള അടുപ്പമല്ല മറിച്ചു മലങ്കരസഭയുടെ സ്വാതന്ത്ര്യം, സ്വയശീർഷകത്വം, അഭിമാനം എന്നിവയെ തന്റെ പ്രാണനേക്കാളും വിലമതിച്ച ഒരു പിതാവിന്റെ നിലപാടുകളുടെ ശ്രേഷ്ഠതയാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ അടുത്ത് ഉണ്ടായിരുന്ന എനിക്ക് സത്യമായും ബോധ്യമായത്.

പരിശുദ്ധ പിതാവിന്റെ കറ കളഞ്ഞ ഈ സഭാസ്നേഹത്തിനും ആഴമുള്ള ആരാധനാ ജീവിതത്തിനും സ്വർഗം കനിഞ്ഞു മലങ്കരസഭയ്ക്ക് നൽകിയ സമ്മാനം ആയിരുന്നു മൂന്നാം സമുദായ കേസ് വിധിപോലെ സഭക്ക് മുഴുവനുമായി 2017 ജൂലൈ മാസം 3-ാം തീയതി ഉണ്ടായ സുപ്രീംകോടതി വിധി എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. 1958-ലും 1995-ലും ഉണ്ടായ വിധികളിലെ അവ്യക്തതകൾ പൂർണമായി പരിഹരിച്ചുകൊണ്ട് ഉണ്ടായ ഈ വിധി പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായും കോലഞ്ചേരി ഉപവാസ പന്തലിൽ പ്രായാധിക്യത്തിലും വന്നു നിലവിളിച്ചു കരഞ്ഞു പ്രാർത്ഥിച്ച പരിശുദ്ധ ദിദിമോസ് വലിയ ബാവാ തിരുമേനിയും ഒരായുസ്സ് മുഴുവനും അനുഭവിച്ച പരിഹാസങ്ങൾക്കും, ഒഴുക്കിയ കണ്ണുനീരിനും ഉള്ള പ്രതിഫലമായിരുന്നു എന്ന് മലങ്കര സഭാമക്കൾ ഒരിക്കലും വിസ്മരിച്ചു പോകരുത്. സഭയിൽ ശാശ്വത സമാധാനം കൈവരിക്കുവാനായി ഇപ്പോൾ മുമ്പിൽ ഉള്ള ഈ നിയമാധിഷ്ഠിത വഴിയിൽ അദ്ദേഹം സത്യസന്ധമായി ഉറച്ചു നിന്നപ്പോൾ പലരും അതിനെ തീവ്രവാദമായി തെറ്റിദ്ധരിച്ചു വ്യാഖ്യാനിക്കുകയും വിമർശിക്കുകയും ചെയ്തു. അവയെല്ലാം പരിശുദ്ധ പിതാവ് ചെറിയ പുഞ്ചിരിയോടെ നേരിടുകയും അവസാനത്തോളം സഭയുടെ നന്മക്കുവേണ്ടി നിലകൊള്ളുകയും പ്രാർത്ഥിക്കുകയും ചെയ്തു. സഭ വലിയ പ്രതിസന്ധിയിൽ കൂടി കടന്നുപോകുന്ന ഈ ദിനങ്ങളിൽ സഭയുടെ മുമ്പോട്ടുമുള്ള സുഗമമായ പ്രയാണത്തിന് പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ സഭാനിലപാടുകളിൽ നാം ഉറച്ചു നിൽക്കേണ്ടത് ഏറെ അനിവാര്യമാണെന്നു സഭയുടെ എല്ലാ മക്കളും ഓർത്തിരിക്കണം.

സഭാ വിഷയങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ച പരിശുദ്ധ പിതാവ് അതേസമയം തന്നെ മറ്റു സഭകളോടും മതങ്ങളോടും അന്ത്യം വരെ ഏറ്റവും ഊഷ്മളമായ സാഹോദര്യം കാത്തുസൂക്ഷിച്ചു. ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുമായി ഹൃദയബന്ധം സ്ഥാപിച്ച തിരുമേനി പരിശുദ്ധ പോപ്പ് ഫ്രാൻസിസ് മുതൽ റഷ്യൻ ഓർത്തഡോക്സ് സഭയുടെ തലവൻ പ. കിറിൽ പാത്രിയർക്കീസ് വരെയുള്ള സമാദരണീയ പിതാക്കന്മാരുടെ ആദരവിനും സ്നേഹത്തിനും പാത്രീഭൂതനായി. സഭയുടെ എക്യുമെനിക്കൽ ബന്ധങ്ങൾ വിപ്ലവകരമായ നിലയിൽ അദ്ദേഹം ശക്തിപ്പെടുത്തി. പരിശുദ്ധ പിതാവിന്റെ വ്യക്തിപ്രഭാവവും, വിനയവും നിഷ്കളങ്കതയും നിറഞ്ഞ പെരുമാറ്റം

സഭാ വിഷയങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ച പരിശുദ്ധ പിതാവ് അതേസമയം തന്നെ മറ്റു സഭകളോടും മതങ്ങളോടും അന്ത്യം വരെ ഏറ്റവും ഊഷ്മളമായ സാഹോദര്യം കാത്തുസൂക്ഷിച്ചു.

ഏവരുടെയും സ്നേഹവും പിന്തുണയും അദ്ദേഹത്തിന് നേടിക്കൊടുത്തു. പരിശുദ്ധ പിതാവിന്റെ ഓരോ വിദേശ സന്ദർശനവും ആ നാട്ടിലെ ഭരണാധികാരികളുടെയും, മതനേതാക്കളുടെയും ഹൃദയത്തിൽ ഇടം പിടിച്ചു. ഇതിന്റെ തെളിവാണ് പരിശുദ്ധ പിതാവിന്റെ വിയോഗ വാർത്ത അറിഞ്ഞ നിമിഷം മുതൽ വിവിധ ലോകനേതാക്കളിൽ നിന്നും, മത-സഭാ നേതാക്കളിൽ നിന്നും വിവിധ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നേതാക്കളിൽ നിന്നും ഉണ്ടായ അനുശോചന പ്രവാഹം എന്ന് നാം തിരിച്ചറിയണം.

വിനയവും സുതാര്യതയും പരിശുദ്ധ പിതാവിന്റെ മുഖമുദ്ര ആയിരുന്നു. രോഗം ഗുരുതരമായ അവസ്ഥയിലും കന്തീല ശുശ്രൂഷ നടത്തുവാൻ അദ്ദേഹം വിമുഖത കാട്ടിയതും ആരുമറിയാതെ വളരെ രഹസ്യമായി തൈലാഭിഷേകവും വിശുദ്ധ കുർബാനയും സ്വീകരിച്ചത് ഒട്ടുംതന്നെ ആർഭാടവും പ്രകടനപരതയും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല എന്നതിന്റെ തെളിവായിരുന്നു. കബറടക്ക ശുശ്രൂഷയുടെ ക്രമീകരണങ്ങളിൽ നഗരികാണിക്കൽ ഒഴിവാക്കി ലാളിത്യം നിലനിർത്തി നടത്തണം എന്ന് പരിശുദ്ധ പിതാവ് നിഷ്കർഷിച്ചിരുന്നു. സാധാരണക്കാരോടൊപ്പം സാധാരണക്കാരനായി വിനയത്തോടെ ഇടപെട്ട തിരുമേനി യുവജനങ്ങളുടെയും, കുഞ്ഞുങ്ങളുടെയും ഹൃദയത്തിൽ ഇടംപിടിക്കുകയും അവരുടെ ചിന്തകളെ ഏറെ സ്വാധീനിക്കുകയും ആരാധനജീവിതത്തിലേക്ക് അവരെ ആകർഷിക്കുകയും ചെയ്തു.

രഹസ്യ പ്രാർത്ഥനയും ചിട്ടയായ യാമനമസ്കാരങ്ങളും നോമ്പുപവാസങ്ങളും, കൗദാശിക ജീവിതവും, മൗനവും ആഴത്തിൽ സമന്വയിച്ച പ്രാർത്ഥനാ ജീവിതവുമായിരുന്നു പരിശുദ്ധ ബാവാതിരുമേനിയുടെ ജീവിതത്തിന്റെ ചൈതന്യവും, ശക്തിയും. മാനസികവും ശാരീരികവുമായ എല്ലാ പ്രതിസന്ധികളേയും പിതാവ് പ്രാണത്യാഗത്തോളം നേരിട്ടത് ഒട്ടും പ്രകടന പരമല്ലാത്ത ഈ നിർമല ഭക്തിജീവിതത്തിലൂടെ ആയിരുന്നു എന്ന് നിസ്സംശയം പറയാം. കണ്ണുനീരോടെ യാമങ്ങളിൽ അദ്ദേഹം ദീർഘസമയം നടത്തിയ അഭയ യാചനകൾ ആയിരുന്നു സഭയുടെ തണൽ എന്ന് നാം വിസ് മരിക്കരുത്. രാഗബദ്ധമായ സുറിയാനി സഭയുടെ ആരാധനയെ അദ്ദേഹം ആഴത്തിൽ ഉപവസിക്കുകയും പിതാക്കൻമാരുടെ പാരമ്പര്യങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാതെ തന്റെ വിശ്വാസ ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുവാൻ ശ്രദ്ധിച്ചിരുന്നു.

എല്ലാറ്റിലും ഉപരിയായി മാനവ സ്നേഹത്തിന്റെ ഉദാത്ത മാതൃക കാട്ടിത്തന്ന ഒരു മഹാപുരോഹിതൻ ആണ് നമ്മോടു വിടവാങ്ങുന്നത്. ഇടം കൈ ചെയ്യുന്നത് വലം കൈ അറിയരുത് എന്ന് ആഗ്രഹിച്ചു തനിക്കുള്ളത് മുഴുവൻ അശരണരുടെയും രോഗികളുടെയും വിധവകളുടെയും കണ്ണീരൊപ്പാൻ വിനിയോഗിച്ചു സ്വർഗത്തിൽ വലിയ നിക്ഷേപം സ്വരൂപിച്ചുകൊണ്ടാണ് പിതാവ് സ്വർഗ്ഗപദം പൂകിയത്. കണ്ടനാട് ഭദ്രാസനം നടത്തുന്ന വിവിധ ജീവകാരുണ്യ പദ്ധതികൾക്ക് നിരവധി തവണ ആരും അറിയാതെ പരിശുദ്ധ പിതാവ് ഗണ്യമായ സഹായം നൽകിയത് നന്ദിയോടെ ഓർക്കുന്നു. സഭയിലെ എല്ലാ ജീവകാരുണ്യ പദ്ധതികളിലും പിതാവ് ശ്രദ്ധിക്കുകയും യഥാർത്ഥ സുവിശേഷ ജീവിതത്തെയും സഭയുടെ മിഷൻ ദർശനത്തെയും പരിപോഷിപ്പിക്കുവാൻ തന്റെ സമ്പാദ്യം മുഴുവനും വിനിയോഗിക്കുകയും ചെയ്തു.

സഭയെ ഇത്രത്തോളം സ്നേഹിച്ച ഇങ്ങനെ ഒരു പിതാവ് ഇനി മലങ്കര സഭക്ക് ഉണ്ടാകുമോ എന്നറിയില്ല. സഭാമക്കൾ ഓരോരുത്തരും വളരെ സൂക്ഷിച്ചു, ഗൗരവപൂർവം പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ ജീവിതവും നിലപാടും ദർശനങ്ങളും മനസ്സിലാക്കണം. അവ ജീവനുള്ള കാലത്തോളം ഹൃദയത്തിൽ കാത്തുസൂക്ഷിക്കുകയും തലമുറകൾക്കു പകർന്നു കൊടുക്കുകയും ചെയ്യണം. സഭ തളരുന്ന നിലപാടുകളല്ല മറിച്ച് അതിനെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന നിലപാടുകൾ സ്വീകരിച്ചുകൊണ്ട് പരിശുദ്ധ പിതാവിന്റെ ആത്മാവിനു നമുക്ക് നിത്യശാന്തി നേരാം. ആ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന സഭക്ക് കാവലും കോട്ടയും ആയിരിക്കട്ടെ.

◆

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാപിതാക്കന്മാർ

വാക്കും പ്രവൃത്തിയും ഒരുപോലെ വിശുദ്ധിയിൽ കാത്ത പുണ്യപിതാവ്

ഫാ. സി. എം. ഫിലിപ്പോസ്
(ക്രിസ്തു ശിഷ്യ ആശ്രമം, തടാകം)

ജീവനെന്ന മഹാത്ഭുതത്തിന്റെ ചുവട്ടിൽ നിന്നും ജീവിതമെന്ന വിസ്മയത്തെ ധ്യാനിക്കുമ്പോഴൊക്കെയും, ഓരോ ജീവിതവും ഒരു അത്ഭുതമായി പലപ്പോഴും തോന്നാറുണ്ട്. മൗനത്തെ ഉപാസിച്ച ചില പിതാക്കന്മാരുടെ ജീവിതം ധ്യാനിക്കുമ്പോൾ അത്ഭുതമേറുന്നു എന്നതാണ് സത്യം. ചില നദികളൊഴുകുന്നത് ശ്രദ്ധിച്ചിട്ടില്ലേ, എത്ര ശാന്തമാണതിന്റെ ഒഴുക്ക്. ഉറവയിൽ നിന്നുമൊഴുകി തുടങ്ങുമ്പോൾ മുതൽ സമുദ്രത്തിൽ ചെന്നെത്തുന്നതു വരെ ശാന്തമായി മാത്രം ഒഴുകുന്നവ. ആർത്തലച്ചു ഒഴുകിയും, ഓളങ്ങൾ തീർത്തും, കലങ്ങിയും, കലക്കിയും തീരങ്ങളിലെ മാത്രമല്ല അങ്ങകലെ മാറി ആർക്കും പരിക്കേൽപ്പിക്കാതെ വളരാൻ ശ്രമിക്കുന്ന പുൽക്കൊടികളെ പോലും നശിപ്പിച്ചു ഒഴുകുന്ന നദികളെ വാഴ്ത്തിപ്പാടുന്ന ഈ കെട്ട ലോകത്ത്, നിശബ്ദമായ് ഒഴുകുകയും ഇന്നത്തെ പല വടവൃക്ഷങ്ങൾക്കും, പൂക്കൾക്കും, പുൽകൊടികൾക്കും വളരാൻ കാരണമായ, ശാന്തതയുടെ പര്യായമായിരുന്ന ഒരു അരുവിയെ ആണ്ടിലൊരിക്കലെങ്കിലും ഒന്നു ധ്യാനിക്കുന്നത് കാലിടറാതെ നടക്കാൻ സഹായകമാകുമെന്ന് കരുതുന്നു. മൗനത്തെ പ്രണയിച്ച, തപസ്സു കൊണ്ട് സ്ഫുടം ചെയ്യപ്പെട്ട ജീവിതത്തിനുടമയായ പുണ്യശ്ലോകനായ സഖറിയാ മോർ ദീവന്നാസ്യോസ് തിരുമേനിയുടെ ദേഹ വിയോഗത്തിന്റെ 25-ാം ഓർമ്മ പെരുന്നാളാണീ വർഷം.

ഓർമ്മകളിൽ പോലും സുഗന്ധം നിറയ്ക്കുന്ന ചില മഹാരഥന്മാർ ഉള്ളതുകൊണ്ട് മാത്രം ഈ സഭയും സമൂഹവും ഇന്നും അത്ര കേടുപാടില്ലാതെ മുൻപോട്ടു പോകുന്നതായി ചിലപ്പോഴൊക്കെ തോന്നാറുണ്ട്. തോമ മോർ ദിവന്നാസിയോസ് എന്ന മഹാമുനിയുടെ ശിഷ്യത്വം സ്വീകരിച്ചു, സഖറിയ എന്ന ചെറുബാലൻ പത്തനാപുരത്തെ താബോർ മലമുകളിലേക്ക് വന്നപ്പോൾ ആരും പ്രതീക്ഷിച്ചു കാണില്ല, ആ ഗുരുവിന്റെ നാമം തന്നെ പിൽക്കാലത്തു ഈ ശിഷ്യൻ സ്വീകരിക്കുമെന്ന്. സുവിശേഷ താളുകളിൽ നാം വായിക്കുന്നില്ലേ, ഗുരുവിനെ പോലെ ശിഷ്യൻ ആകുന്നതാണ് ഉത്തമം എന്ന്. സഖറിയ മോർ ദിവന്നാസിയോസ് തിരുമേനി ഗുരുവിന്റെ നാമം സ്വീകരിച്ചതിൽ മാത്രമല്ല, ജീവിതത്തിന്റെ ഓരോ അണുവിലും ഗുരുവിന്റെ പാത പിന്തുടരുക തന്നെ ചെയ്തു. മോർ തോമ ശ്ലീഹായുടെ കബറിടം ഉള്ള സ്ഥലത്തു തന്റെ ശുശ്രൂഷ നിർവഹിക്കുവാൻ പരിശുദ്ധ സഭ ചുമതലപ്പെടുത്തിയ നിമിഷം മുതൽ, ആ പരിമളം ഭദ്രാസനത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും പരക്കാൻ തുടങ്ങി. ആൾത്തിരക്കിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കാൻ തിരുമേനി എപ്പോഴും ശ്രദ്ധിച്ചിരുന്നു. 'ഫാൻസ് അസോസിയേഷൻ' ഒന്നുമില്ലാതെ തന്നെ ഇടയത്വ ശുശ്രൂഷ നിർവഹിക്കാൻ കഴിയുമെന്ന് ജീവിച്ചു കാണിച്ചുതന്നു. സന്യാസത്തെക്കുറിച്ചു അത്രയൊന്നും വാചാലനായില്ല തിരുമേനി, മറിച്ചു അത് എന്താണെന്നു ജീവിച്ചു കാണിച്ചതിലാണ് ആ പുണ്യവാന്റെ മഹത്വം. സന്യാസ വ്രതത്രയങ്ങൾ കേവലം പ്രസംഗവേദികളിൽ ഒതുങ്ങുക അല്ലായിരുന്നു, ആ വലിയ മനുഷ്യന്റെ ജീവിതമായിരുന്നു അത്. അവസാന കാലഘട്ടത്തിൽ പണിതുയർത്തിയ കിടപ്പാടം പോലും എത്ര എളിമയോട് കൂടിയതായിരുന്നു. വിനയാഗപുരത്തെ അരമന ലോകർക്ക് ഭോഷത്വമായി തോന്നി, പക്ഷെ താബോറിന്റെ തനയനെ സംബന്ധിച്ച് അത് പർണ്ണാശ്രമം തന്നെയായിരുന്നു, ചെന്നൈ പട്ടണത്തിലെ ആൾത്തിരക്കിൽ നിന്നുമൊക്കെ ഒഴിഞ്ഞുമാറിയുള്ള ധ്യാനത്തിനുള്ള ഒരു പർണ്ണാശ്രമം. ആരാധന കേന്ദ്രീകൃതമായ ഒരു ജീവിതശൈലി ആയിരുന്നു തിരുമേനിയുടേതു. സ്ഫുടവും ഗാംഭീര്യവും ഹൃദ്യവുമായ ആരാധന ശൈലി അതിൽ സംബന്ധിക്കുന്ന വിശ്വാസ സമൂഹത്തെ ആത്മാവിൽ ദൈവസന്നിധിയിലേക്ക് ഉയർത്തുന്നവിധം അത്രമേൽ ധ്യാനാത്മകം ആയിരുന്നു. ശബ്ദ കോലാഹലങ്ങൾ ആരാധനാലയത്തിൽ പോലും അരങ്ങുവാഴുന്ന ഈ ലോകത്തിന് ആരാധനയെ തപസ്സായി കണ്ടിരുന്ന ഒരു പിതാവിനെ കുറിച്ചൊക്കെ പറഞ്ഞാൽ മനസ്സിലാകുമെന്ന് തോന്നുന്നില്ല.



നീതിബോധമുള്ള ഏതൊരുവനും കോപിക്കുന്നതു സ്വാഭാവികം. ദൈവസ്നേഹവും സഭാസ്നേഹവും കോർത്തിണക്കി, സന്യാസത്തിന്റെ ത്രൈശുദ്ധ പുണ്യങ്ങളിൽ സ്ഫുടം ചെയ്യപ്പെട്ട ജീവിതങ്ങളിൽ അത് സംശയമെന്യേ അന്തർലീനം. മോർ ദീവന്നാസിയോസ് തിരുമേനിയുടെ കോപം നീതിബോധത്തിൽ നിന്നും ഉളവാകുന്നതായിരുന്നു. വ്യക്തിപരമായ ആരോപണങ്ങൾക്ക് തിരുമേനി മറുപടി പറഞ്ഞിരുന്നില്ല. എന്നാൽ തിരുസഭയെയും താൻ ഉൾപ്പെടുന്ന സമൂഹത്തെയും ദോഷമായി ബാധിക്കുന്നവയോടു നിശ്ചയ ദാർഢ്യത്തോടെ തന്നെ പ്രതികരിക്കുമായിരുന്നു. ആ കോപം ക്ഷണികവുമായിരുന്നു. തന്റെ വൈദികരെ അവരുടെ നന്മയെ പ്രതി ശാസിച്ചിരുന്നു. എന്നാൽ ഒരിക്കലും അത് സമൂഹമധ്യേ ആയിരുന്നില്ല. മാത്രമല്ല, സന്യാസത്തിനു നിരക്കാത്ത ഒരു പദവും ശൈലിയും ആ നാവിൽ നിന്നും ഉയർന്നിട്ടില്ല. ശിഷ്യരെ ശിക്ഷയേക്കാൾ ശിക്ഷണമേകി വളർത്താൻ എപ്പോഴും തിരുമേനി ശ്രദ്ധിച്ചിരുന്നു. അപരനെ തളർത്താൻ മാത്രം ശ്രമിക്കുന്ന ലോകത്തു, വളർത്താൻ മാത്രം പരിശ്രമിച്ച മോർ ദീവന്നാസിയോസ് വ്യത്യസ്തനാക്കുന്നു. തന്റെ ഓരോ വൈദികരെ കുറിച്ചും അവരുടെ കുടുംബങ്ങളെക്കുറിച്ചും തിരുമേനിക്ക് അത്രമേൽ ശ്രദ്ധ ഉണ്ടായിരുന്നു. അത് തന്റെ ജനസമൂഹത്തോടും അങ്ങനെതന്നെ. എന്നാൽ അതിരുകവിഞ്ഞ ഒരു ബന്ധവും ആരോടും സൂക്ഷിച്ചിരുന്നില്ല എന്നത് തന്നെ തിരുമേനിയുടെ ജീവിതത്തെ വ്യത്യസ്തമാക്കുന്നു. ജനക്കൂട്ടത്തിന്റെ കയ്യടിയിൽ നിന്നും, ഓശാന സ്തുതികളിൽ നിന്നും ഒരു കല്ലേറുദൂരം മാറിനടക്കണം എന്നൊരു കണിശം തിരുമേനിക്കുണ്ടായിരുന്നു. ജനത്തോടൊപ്പം നിൽക്കുന്ന ഇടയൻ എന്ന മേലാപ്പൊന്നും ചാർത്തിക്കിട്ടാൻ ആരുടേയും തോളത്തു കയ്യിട്ടു നടക്കാനും തിരുമേനി ആഗ്രഹിച്ചിട്ടില്ല. പുരോഹിതൻ ജനത്തിന്റെ ഒപ്പമോ, പിറകിലോ നടകേണ്ടവനല്ല മുന്നേ നടകേണ്ടവൻ ആണെന്ന തിരിച്ചറിവ് തിരുമേനിക്ക് നന്നായി ഉണ്ടായിരുന്നു. പാവങ്ങളെ മറക്കുന്ന പൗരോഹിത്യത്തിന്

സാക്ഷ്യമില്ലെന്നറിയാമായിരുന്ന ഈ പുണ്യതാതന്റെ സ്വപ്ന സാക്ഷാത്കാരമായിരുന്നു വെല്ലൂരിലെ സ്നേഹഭവൻ. ഹൃദയമില്ലാത്തവരുടെ ലോകത്തു തിരുമേനി കാണിച്ച ഹൃദയ വിശാലതയാണ് ഇന്ന് കാണുന്ന മദ്രാസ് മെഡിക്കൽ മിഷൻ. ആതുരാലയങ്ങൾ സ്ഥാപനവത്കരിക്കുന്നതിന്റെ ഹൃദയവേദന ഈ പുണ്യതാതന്റെ ഹൃദയമിടിപ്പു കൂട്ടുന്നുണ്ടാവാം. അയയ്ക്കപ്പെടുന്നവർക്കു നസ്രായൻ നൽകുന്ന ചില നിർദ്ദേശങ്ങളുണ്ട്, തിരുവചന താളുകളിൽ; അധികമൊന്നും കരുതരുത്, ഹൃദയത്തിൽ ജ്വലിക്കുന്ന ദൈവസ്നേഹമല്ലാതെ. മോർ ദീവന്നാസിയോസെന്ന തികഞ്ഞ സന്യാസി അക്ഷരാർത്ഥത്തിൽ ഈ ഗുരുമൊഴി പാലിച്ചിരുന്നു. വിശാലവും, അവികസിതവും, അവിഭക്തവുമായ മദ്രാസ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി ദൈവത്താൽ നിയോഗിക്കപ്പെട്ടപ്പോൾ വെല്ലുവിളികൾ ഏറെയായിരുന്നു മുൻപിൽ. സ്വന്തമായി ഒരു കിടപ്പാടം പോലുമില്ലാത്ത അവസ്ഥ. ശൈശവാവസ്ഥയിൽ നിന്നും ഭദ്രാസനത്തെ കെട്ടുറപ്പുള്ള നിലയിലാക്കാൻ രാപകൽ അധ്വാനിച്ചപ്പോഴും ദൈവാലയങ്ങൾ സ്ഥാപിതമായപ്പോഴും സ്വരൂപിച്ച മൂലധനം പ്രാർത്ഥന മാത്രമായിരുന്നു. ഇടതൂർന്ന താടിരോമങ്ങൾ ചീകിയൊതുക്കി, നമ്രശിരസ്കനായി, വഴിയിലാരെയും വന്ദനം ചൊല്ലാതെ, പ്രാർത്ഥനാമണി മുഴങ്ങുന്നതിനു മുൻപേ ദേവാലയമണയുന്ന താതൻ കാലങ്ങൾക്കു മുൻപേ സഞ്ചരിച്ചു. ആരോടും പരാതികളോ പരിഭവങ്ങളോ പറയാതെ ഒരു ചെറു മന്ദസ്മിതമോടെ നടന്നകന്നു. 'നിത്യവും നൂതനവും സനാതനവുമായ സത്യമേ നിന്നിൽ എത്തുവോളം എന്റെ ആത്മാവ് ഭാരപ്പെടുന്നു'വെന്ന അഗസ്റ്റീനിയൻ പ്രാർത്ഥനയുമുരുവിട്ടു, ദൈവപിതാവിന്റെ കരങ്ങളിൽ തന്റെ ആത്മാവിനെ ഭരമേല്പിച്ചു, ശാന്തമായി ഉറക്കത്തിലേക്കു പ്രവേശിച്ചു, സ്വർഗ്ഗത്തിലെ ഉണർവുള്ള മാലാഖമാരോടൊപ്പം ഉണർന്നു ആരാധിപ്പാൻ.

പുണ്യ പിതാവിന്റെ ദീപ്ത സ്മരണകൾ ജീവിത വഴികളിൽ വെളിച്ചമേകുന്നു. തളരുമ്പോൾ തണലേകുന്നു. ആ പുണ്യപിതാവിന്റെ തൃകൈകളാൽ കൈവയ്പ്പു എനിക്കേകിയ ദൈവത്തിനു സ്തുതി. വാക്കും, പ്രവൃത്തിയും ഒരുപോലെ വിശുദ്ധിയിൽ കാത്ത പുണ്യപിതാവായ മാർ ദീവന്നാസിയോസ് തിരുമേനിയുടെ പാവന സ്മരണയ്ക്ക് മുൻപിൽ ശിരസു നമിച്ചുകൊണ്ടു വിനയമോടെ പറയുന്നു, 'പുണ്യപിതാവേ അങ്ങയുടെ സ്മരണ ഞങ്ങൾക്ക് വാഴ്വിനായി തീരട്ടെ.'

❑



പ്രഥമ ശ്ലൈഹീക സന്ദർശനത്തിനായി ദോഹയിൽ എത്തിച്ചേർന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് ദോഹയിലെ എത്യോപ്യൻ ഓർത്തഡോക്സ് ഹോളി ട്രിനിറ്റി ചർച്ച് സ്വീകരണം നൽകി.



Brahmavar Diocese Elected Managing Committee Members: 1. Fr. Joseph Varghese 2. Johnson Kattoor 3. Moses Lewis (Konkani community) 4. Raju K. S.



മാനേജിംഗ് കമ്മിറ്റിയിലേക്ക് കുന്നംകുളം ഭദ്രാസനത്തിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രതിനിധികൾ: ഫാ. പീറ്റർ കാക്കശ്ശേരി, ഫാ. മാത്യൂസ് കെ. ബർസൗമ്മ, മത്തായി നെടിയാനിക്കുഴി, പി. കെ. പ്രജോദ്, പി. എം. ജെയിംസ്.



Bangalore Diocese Elected Managing Committee Members: Fr. James Eapen Kuttykandam, Baby Thankachan, Thomas John, Thomas A Tharakan.

ഓർമ്മചിത്രങ്ങൾ



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായും പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായും പൗലോസ് മാർ പക്കോമിയോസും തിരുവിതാംകൂർ രാജാവും.

സഭാപിതാക്കന്മാർ

സമാനതകളില്ലാത്ത പുണ്യാത്മാവ്

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം)

നിഷ്കളങ്കതയുടെ നിറവിൽ ആഴത്തിൽ മലങ്കരസഭയെ സമാനതകളില്ലാതെ സ്നേഹിച്ച പുണ്യാത്മാവ്.

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിലെ കിഴക്കിന്റെ കാതോലിക്കാമാരുടെ ശ്രേണിയിൽ തൊണ്ണൂറ്റി ഒന്നാമത്തെ കാതോലിക്കായും, കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ച ശേഷം എട്ടാമത്തെ പൗരസ്ത്യ കാതോലിക്കായും, ഇരുപത്തിഒന്നാമത് മലങ്കര മെത്രാപ്പോലീത്തായും ആയിരുന്നു പ. പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവാ.

'എന്റെ ആരോഗ്യത്തേക്കാളും എന്റെ ജീവനേക്കാളും ഞാൻ ഗൗരവമായി കാണുന്നത്, പ. സഭയുടെ അന്തസത്തയും പ. സഭയുടെ അഭിമാനവുമാണ്. അതുകൊണ്ട് എന്റെ ജീവനെക്കാളും ആരോഗ്യത്തേക്കാളും അധികം മലങ്കരസഭയുടെ സത്യത്തിനും അന്തസ്സിനും അഭിമാനത്തിനുമാണ് ഞാൻ പ്രാധാന്യം നൽകുന്നത്.' ഹൃദയ സ്പർശിയായ ഈ ഒരു വാചകം മതി നമുക്ക് പരിശുദ്ധ ബാവയുടെ ഹൃദയത്തിൽ തന്റെ സഭയെക്കുറിച്ചുള്ള കരുതൽ മനസ്സിലാക്കാൻ. ഇസഡ്. എം. പാറേട്ടിന്റെ വാക്കുകൾ കടമെടുത്താൽ 'ഒരു കോപ്പാ പായസത്തിന് വേണ്ടി മലങ്കര സഭയുടെ സ്വാതന്ത്ര്യം അടിയറ വെക്കാൻ' പ. പിതാവ് തയ്യാറായില്ല. അതിന്റെ പേരിൽ പ. പിതാവിന് നിരവധി അവഗണനകൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട് എങ്കിലും, അതിന് കാരണക്കാരായവരോട് സർവ്വശക്തൻ 'ക്ഷമിക്കട്ടെ' എന്ന് പ്രാർത്ഥിക്കാനുള്ള ഹൃദയ വിശുദ്ധി പ. പിതാവ് എന്നും കാത്തുസൂക്ഷിച്ചിരുന്നു.


2017 ജൂലൈ 3-ന് പ. തോമാശ്ലീഹായുടെ ദുഃഖ്റോനോ പെരുന്നാൾ ദിനത്തിൽ ദൈവത്തിന്റെ കൈയൊപ്പ് ചാർത്തിയ സുപ്രീംകോടതി വിധി പ. പൗലോസ് ദ്വിതീയൻ ബാവാ വാണരുളുന്ന കാലഘട്ടത്തിൽ ഉണ്ടായി എന്നതു തന്നെ ആ പിതാവിന്റെ പ്രാർത്ഥനാ ജീവിതത്തിന് ദൈവം നൽകിയ പ്രതിഫലമാണ് എന്നതിൽ ആർക്കും സംശയം വേണ്ട.

2019 സെപ്റ്റംബർ 10,11 തീയതികളിൽ (തിരുവോണ നാൾ) നടത്തപ്പെട്ട 'ജ്യോതിസ് ആശ്രമ'ത്തിന്റെ കൂദാശക്കായി അഹമ്മദാബാദ് ഭദ്രാസനത്തിലേക്ക് എഴുന്നെള്ളി വന്ന പ. ബാവായെ, ഭദ്രാസനാധിപനായ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ സ്വീകരിച്ച സംഘത്തിലെ അംഗമായിരുന്ന എന്നോട് കാണിച്ച പ്രത്യേക സ്നേഹവാൽസല്യങ്ങളാണ് പിതൃതുല്യ സ്ഥാനത്ത് പ. ബാവായെ എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കാൻ കാരണമായത് എന്ന വസ്തുത ബലഹീനനായ ഞാൻ നന്ദിയോടെ അനുസ്മരിക്കുകയാണ്.

തികച്ചും യാദൃശ്ചികമായിട്ടാണ് ഞാൻ പരുമലയിൽ എത്തി ചേർന്നത് എന്ന് പറയാതിരിക്കാനാകില്ല. 2020 നവംബർ 20-ന് കുമ്പഴ വലിയ കത്തീഡ്രലിൽ വെച്ച് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ തൃക്കരങ്ങളാൽ റമ്പാൻ സ്ഥാനത്തേക്ക് വിളിച്ചടുപ്പിക്കപ്പെട്ട ശേഷം പെട്ടെന്നു തന്നെ രാജസ്ഥാനിലേക്ക് മടങ്ങിപ്പോകേണ്ടി വന്നു. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കേരളത്തിലേക്ക് മടങ്ങുന്നതിനുള്ള തീയതികൾ പലവട്ടം മാറ്റിവെയ്ക്കപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം. പരുമലയിൽ എത്തിച്ചേർന്നത് ദൈവനിശ്ചയമെന്ന് പറയാതിരിക്കാനാകില്ല.

എന്റെ ആത്മീയ ഗുരുനാഥൻ കൂടിയായ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ തന്നെ പ. ബാവായെ മനസ്സ് നിറയെ കാണാൻ സാധിച്ചു എന്നതിൽ ബലഹീനനായ ഞാൻ സർവ്വശക്തനോട് നന്ദി കരേറ്റുകയാണ്.

പരുമല ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ തൃപ്പാദം ചുംബിച്ച് അനുഗ്രഹം ഏറ്റുവാങ്ങാൻ ലഭിച്ച അപൂർവ്വ - അനുഗൃഹീത നിമിഷങ്ങളെ എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷങ്ങളായി കാണുകയാണ്.



ഏത് പ്രതിസന്ധികൾകിടയിലും പതറാത്ത മനസ്സുമായി ഹൃദയം നിറഞ്ഞ പുഞ്ചിരിയുമായി അനുഗ്രഹീത നിമിഷങ്ങൾ സമ്മാനിക്കുന്ന പ. ബാവായെ ദൂരത്തും ചാരത്തും നിന്ന് നിരവധി തവണ കണ്ടിട്ടുണ്ട്. രോഗശയ്യയിൽ കിടക്കുന്ന പ. ബാവായുടെ തൃപ്പാദം മുത്തി ചുംബിച്ച്, അനുഗ്രഹങ്ങൾ ഞാൻ ഏറ്റുവാങ്ങുമ്പോഴും തേജസ്സാർന്ന ആ തിരുമുഖത്തെ ആത്മീയ ചൈതന്യത്തിന് ഒട്ടും കുറവുണ്ടായിരുന്നില്ല എന്നത് ഞാൻ പ്രത്യേകം ഓർത്തു പോകുന്നു.

പ്രതിസന്ധികൾ ഉണ്ടായപ്പോഴെല്ലാം അതിനെയൊന്നും ഗൗനിക്കാതെ പ്രത്യേകിച്ച് തന്റെ ജീവനെതിരേ വരെ വെല്ലുവിളികൾ വന്നപ്പോൾ ചിരിച്ചു നേരിട്ട ബാവാ തിരുമേനി. പ്രാർത്ഥനാപൂർവ്വം ഓരോ പ്രതിസന്ധികളെയും നേരിട്ട പ. പിതാവിന്റെ ദേഹവിയോഗത്തിലൂടെ അപരിഹാര്യമായ നഷ്ടമാണ് മലങ്കരസഭക്ക് ഉണ്ടായിട്ടുള്ളത്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാപിതാക്കന്മാർ

പ്രസംഗപീഠത്തിലെ ദിവ്യജ്ഞാനം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ എട്ടാം കാതോലിക്ക പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ (1946-2021) 450-ൽപ്പരം പ്രഭാഷണക്കുറിപ്പുകളുടെ നാല് വാല്യങ്ങളാണ് *ദിവ്യജ്ഞാനം*. വേദപുസ്തക വാക്യങ്ങളെ അടിസ്ഥാനമാക്കിയുള്ള നൂറിൽപ്പരം പ്രസംഗക്കുറിപ്പുകളാണ് ഓരോ വാല്യത്തിലും ക്രമീകൃതമായി ക്രോഡീകരിച്ചിരിക്കുന്നത്.

പ്രശസ്ത സാമൂഹിക ചരിത്രകാരനും ഗവേഷകനുമായ ഡോ. എം. കുര്യൻ തോമസ് ജനറൽ എഡിറ്ററായി സംശോധനം ചെയ്ത *ദിവ്യജ്ഞാന*ത്തിന്റെ നാല് വാല്യങ്ങൾ മലങ്കര സഭാപിതാക്കന്മാരുടെ പ്രഭാഷണ ശൈലിയും വേദ പുസ്തക വ്യാഖ്യാന കാഴ്ചപ്പാടുകളും അപഗ്രഥിക്കുന്നതിനുള്ള അക്ഷയഖ നിയാണ്.

വൈദിക സ്ഥാനത്തേക്ക് 33-ാം വയസ്സിലും മെത്രാൻ സ്ഥാനത്തേക്ക് 36-ാം വയസ്സിലും നിയോഗം ലഭിച്ച ഫാ. കെ. ഐ. പോൾ 39-ാം വയസ്സിൽ കുന്നം കുളം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും 60-ാം വയസ്സിൽ നിയുക്ത കാതോലിക്കായും ആയി. മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേല ദ്ധ്യക്ഷനായി 2010 നവംബർ ഒന്നിന് 64-ാം വയസ്സിൽ സ്ഥാനാരോഹണം ചെയ്തു. ഒരു ദശാബ്ദം (2010-2021) പ്രധാന മേലദ്ധ്യക്ഷനായി ധീരമായി മല ങ്കര സഭയെ നയിച്ചു.

പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ വൈദികനും മെത്രാപ്പോ ലീത്തായുമായിരുന്ന കാലത്ത് എഴുതിയ (1973-2010) പ്രഭാഷണക്കുറിപ്പുകളാണ് *ദിവ്യജ്ഞാനം* എന്ന പേരിൽ ഡോ. എം. കുര്യൻ തോമസ് സമാഹരിച്ചിരിക്കു ന്നത്. തികച്ചും യാദൃശ്ചികമായി ഡയറിക്കുറിപ്പുകളിൽ നിന്നും കണ്ടെത്തിയ ഈ പ്രസംഗക്കുറിപ്പുകളുടെ മഹത്വവും സ്ഥാനവും മനസ്സിലാക്കിയ ഡോ. എം. കുര്യൻ തോമസ് അവ നാല് വാല്യങ്ങളിലായി അതേ രൂപത്തിൽ കാര്യ മായ എഡിറ്റിംഗ് നടത്താതെ അവതരിപ്പിക്കുകയാണ്. എഴുത്തിന്റെയും ദർശനത്തിന്റെയും തനിമ നഷ്ടപ്പെടാതിരിക്കുവാനാണ് എഡിറ്ററുടെ കത്രിക പ്രസംഗക്കുറിപ്പുകളിൽ പ്രഹരിക്കാതിരുന്നത്.

പ. പൗലോസ് ദ്വിതീയൻ ബാവാ ആദ്യകാലത്ത് സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകനും ധ്യാനഗുരുവായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അങ്ങനെ അറിയപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചിട്ടുമില്ല. കുന്നംകുളം ദേശത്തിന്റെ സംഭാഷണ ശൈലിയും പ്രയോഗങ്ങളും നീട്ടികുറുക്കലുകളും ഉൾക്കൊള്ളുന്ന നാടൻ ശൈലി പ്രയോഗങ്ങളും സംവേദന ക്രമങ്ങളുമാണ് പ. പൗലോസ് ദ്വിതീ യൻ ബാവായിൽ നിറഞ്ഞുനിന്നത്.

കൃത്രിമത്വമില്ലാത്ത സംഭാഷണ ശൈലിയും സത്യസന്ധമായ പ്രഭാഷണ രീതിയും വെളിപ്പെടുത്തിയത് ആ ജീവിതത്തിന്റെ സുതാര്യതയാണ്. തെറ്റെന്ന് തോന്നിയാൽ ആരോടും അത് നേരിട്ട് പറയും. പ്രസംഗത്തിലും അവ നൈസർഗ്ഗികമായി കൂട്ടിച്ചേർക്കും. അവയുടെ അവതരണത്തിലും ഭാഷയിലും കാപട്യങ്ങളോ തന്ത്രങ്ങളോ ഉണ്ടാവില്ല. അവ തുറന്ന മനസ്സോടും വിടർന്ന പുഞ്ചിരിയോടുമുള്ള ആത്മാർത്ഥ നിരീക്ഷണങ്ങളായിരിക്കും. വിഷയത്തിന്റെ തീവ്രത അനുസരിച്ച് ശരീരഭാഷ വ്യത്യാസപ്പെടും. സഭയ്ക്ക് നീതി നിഷേധി ക്കപ്പെടുന്ന വിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ അവയുടെ ഘനഗാംഭീര്യം മുഖ ഭാവങ്ങളിലും അംഗചലനങ്ങളിലും പ്രകടമാകുമായിരുന്നു.

പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രഭാഷണ ശൈലിക്ക് ക്രമാനുഗതമായ വികാസ പരിണാമങ്ങൾ ഉണ്ടായിട്ടുണ്ട്. വൈദികനും മെത്രാ പ്പോലീത്തായുമായിരുന്ന കാലത്ത് വേദപുസ്തക വിഷയങ്ങളിൽ കേന്ദ്രീകൃ തമായിരുന്നു പ്രബോധനം. എന്നാൽ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ ആയ പ്പോൾ വിഷയ വിശകലനത്തിലും വ്യാഖ്യാനത്തിലും അവതരണത്തിലും അത്യപൂർവ്വമായ വരസിദ്ധിയാണ് നേടിയത്. *മലങ്കര സഭയുടെ അഭിമാനമാണ് എനിക്ക് വലുത് അത് സംരക്ഷിക്കപ്പെടുവാൻ ഏത് തീച്ചൂളയിലേക്കും എടു*



ത്തുചാടുവാൻ ഞാൻ ഒരുക്കമാണ് എന്ന് പ്രഖ്യാപിക്കുന്ന പ്രഭാഷണത്തിലെ ആത്മവീര്യം മലങ്കര സഭയുടെ ഗർജ്ജനത്തിന്റെ മുഴക്കമാണ്. മലങ്കര സഭ യുടെ സ്വത്വവും സ്വാതന്ത്ര്യവും ദേശീയതയും സംരക്ഷിക്കും എന്നതായിരുന്നു അദ്ദേഹത്തിന്റെ ദർശനം. പരുമലയിൽ 2020-ൽ നടത്തിയ പ്രഭാഷണത്തിൽ *എന്റെ ആരോഗ്യത്തേക്കാളും എന്റെ ജീവനെക്കാളും ഞാൻ ഗൗരവമായി കാണുന്നത് പ. സഭയുടെ അന്തസ്സും അഭിമാനവുമാണ്* എന്ന് വിളിച്ചു പറ ഞ്ഞു. പ. ബാവാ 2010 മുതൽ 2020 വരെ നടത്തിയ പ്രഭാഷണങ്ങൾ അധി കവും മലങ്കര സഭയുടെ സ്വാതന്ത്ര്യവും തനിമയും സംരക്ഷിക്കുന്നതിനുവേ ണ്ടിയായിരുന്നു.

പ. പൗലോസ് ദ്വിതീയൻ ബാവായുടെ പ്രഭാഷണ ശൈലി വൈദികൻ, മെത്രാപ്പോലീത്ത എന്നീ തലങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായിട്ടാണ് പിന്നീട് അവതരിപ്പിക്കുന്നത്. സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നില യിൽ ലഭ്യമായ അധികാരവും അംഗീകാരവും ജനപ്രീതിയും പ്രഭാഷണ ശൈലിയിൽ പ്രതിഫലിച്ചു. ആധികാരികവും കുറിക്കുകൊള്ളുന്നതുമായ ശൈലിയിൽ വിഷയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ദിവ്യജ്ഞാനം ഉയരങ്ങ ളിൽ നിന്നും ലഭ്യമായി.

ഡോ. എം. കുര്യൻ തോമസ് സമാഹരിച്ചിരിക്കുന്ന *ദിവ്യജ്ഞാനം* ഗ്രന്ഥാവ രിയിൽ ദീർഘവും ഹ്രസ്വവുമായ പ്രഭാഷണങ്ങളുണ്ട്. എന്നാൽ അധികവും വിവിധ വേദവാക്യങ്ങളിൽ അധിഷ്ഠിതമായ പ്രഭാഷണക്കുറിപ്പുകളാണ്. ദീർഘ മായ പ്രഭാഷണങ്ങൾ രൂപശില്പം ചെയ്യുവാൻ ആവശ്യമായ വിഷയവിശകലന ത്തിന്റെ പ്രധാന രൂപഘടനകൾ മാത്രം ഇതിൽ അവതരിപ്പിക്കുന്നു. പ്രഭാഷ ണത്തിലെ ആമുഖം, ഉള്ളടക്കം, ഉപസംഹാരം എന്നീ ത്രിവിധ മുഖങ്ങളിൽ ഉള്ളടക്കത്തിലെ പ്രധാന സൂചനങ്ങൾ പ്രസ്താവനകളായി ക്രോഡീകരിച്ചിരി ക്കുന്നു. എല്ലാ വിഷയങ്ങളും മൂന്നോ നാലോ ഉപതലക്കെട്ടുകൾ (Sub divi- sions) നൽകിയാണ് പ്രഭാഷണ രൂപരേഖയിൽ (Sermon outline) അവതരി പ്പിച്ചിരിക്കുന്നത്.

പ്രഗത്ഭരായ പ്രഭാഷകർ ശാസ്ത്രീയമായി വിഷയം അപഗ്രഥിക്കുമ്പോൾ അവ പൂർണ്ണമായും എഴുതിയ ശേഷമായിരിക്കും അവതരിപ്പിക്കുന്നത്. അത്ര

മാത്രം സമയവും സാവകാശവും ലഭ്യമല്ലാത്തവർ പ്രഭാഷണത്തിന്റെ രൂപരേഖ ക്രമീകൃതമായി എഴുതി വെച്ച്, സന്ദർഭാനുസൃതം വിഷയ വിശകലനം ചെയ്യും. ഇത്തരത്തിൽ പ്രഭാഷണം നടത്തുന്നവർക്ക് വിഷയവിശകലനത്തിനുള്ള നൈസർഗ്ഗികമായ നൈപുണ്യവും ഭാഷാസിദ്ധിയും ആത്മവിശ്വാസവും ഉണ്ടായിരിക്കും. ഒരു വിഷയം തന്നെ വ്യത്യസ്ത വേദികളിൽ പ്രധാന ആശയങ്ങൾക്ക് മാറ്റം വരുത്താതെ ഭാഷാഘടനയിലും അവതരണത്തിലും പുതുമ സൃഷ്ടിച്ച് അവതരിപ്പിക്കുവാനും കഴിയും.

നല്ല പ്രഭാഷകർ എല്ലായിപ്പോഴും ഫലപ്രദവും ആകർഷകവുമായ പ്രഭാഷണ രൂപരേഖ സൂക്ഷിക്കും. പ്രഭാഷണത്തിന്റെ ക്രമീകൃതമായ വികാസ പരിണാമം, സമയ ക്ലിപ്തത, പ്രഭാഷണത്തിന്റെ സമാപ്തി എന്നിവ നിയന്ത്രിക്കുവാൻ ഇത്തരം രൂപരേഖകൾ സഹായിക്കും. എല്ലാ നല്ല പ്രഭാഷണത്തിനും ഫലപ്രദവും ശാസ്ത്രീയവുമായ രൂപരേഖ അനിവാര്യമാണ്. ഇത് പ്രഭാഷണത്തിന്റെ മുഖ്യസന്ദേശത്തെ കൂട്ടിയോജിപ്പിക്കുന്നു. സംവേദിക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആശയങ്ങൾ ക്രമീകൃതമായി, പോയിന്റുകളായി അവതരിപ്പിക്കുന്ന രീതിയാണിത്. ഈ പ്രധാന ആശയങ്ങൾ നോക്കുന്ന മാത്രയിൽ പ്രസംഗകന് അനർഗ്ഗളമായി ആശയ വിശകലനത്തിനുള്ള മാർഗ്ഗം തെളിയും. പ്രസംഗവിഷയത്തിലും വാക്യത്തിലും അടിസ്ഥാനപ്പെടുത്തിയ ഫലപ്രദമായ രൂപരേഖകൾ കേൾവിക്കാരിൽ കൗതുകം ഉണർത്തുകയും വിഷയ വിശകലനത്തിൽ പ്രഭാഷകനോടൊപ്പം ബൗദ്ധികവും മാനസികവുമായി പങ്ക് ചേരുവാൻ സഹായിക്കുകയും ചെയ്യും. പ്രഭാഷണ രൂപരേഖകൾ ലളിതവും ഹൃദ്യവും ഹ്രസ്വവും ആയിരുന്നാൽ ശ്രോതാക്കൾ അവ മനഃപാഠമാക്കുകയും പ്രഭാഷണം ഫലപ്രദമായി അവരിൽ സംവേദിക്കപ്പെടുകയും ചെയ്യും.

വ്യത്യസ്ത തലങ്ങളിൽ പ്രഭാഷണ രൂപരേഖകൾ തയ്യാറാക്കുന്ന രീതി ശാസ്ത്രം ഇന്ന് പ്രഭാഷണ പഠനത്തിൽ രൂപപ്പെട്ടിട്ടുണ്ട്. ഒരു വിഷയത്തെ വ്യത്യസ്ത തലങ്ങളിലൂടെ വിശകലനം ചെയ്യാം (The diamond outline), ഒരു വിഷയത്തിൽ നിന്നും മറ്റൊന്നിലേക്ക് ചവിട്ടികയറാം (The ladder outline), വിഷയത്തെ വിവിധ ഇനങ്ങളും തരങ്ങളുമാക്കി അവതരിപ്പിക്കാം (The label outline), വ്യത്യസ്തങ്ങളായ രണ്ട് വീക്ഷണത്തിൽ വിശകലനം ചെയ്യാം (The contrast outline), ചോദ്യോത്തരരൂപത്തിൽ ക്രോഡീകരിക്കാം (The question and answer outline), ആത്മീയ കാര്യങ്ങൾ, പ്രകൃതി സത്യങ്ങളുമായി താരതമ്യം ചെയ്യാം (The analogy outline), ഒരു വിഷയത്തെ വിവിധ പ്രസ്താവനകളായി രൂപപ്പെടുത്താം (The series of statements outline), വ്യാഖ്യാനവും പ്രയോഗവും ഉൾക്കൊള്ളുന്ന രീതിയിൽ ക്രമപ്പെടുത്താം (The interpretation - application outline), ഇങ്ങനെ എത്രയോ തരത്തിൽ പ്രഭാഷണ രൂപരേഖകൾ തയ്യാറാക്കുവാനുള്ള സംവിധാനങ്ങൾ ഇന്ന് ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ ഇവ വേണ്ടത്ര രീതിയിൽ അക്കാദമിക് പ്രഭാഷണതലങ്ങളിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നത് സങ്കടകരമാണ്.

മലങ്കര സഭയിൽ വേദപഠനത്തിൽ നിരവധി പ്രഭാഷണ ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണെങ്കിലും പ്രഭാഷണ/പ്രസംഗക്കുറിപ്പുകൾ അത്യപൂർവ്വമാണ്. ഇംഗ്ലീഷിൽ ഒട്ടനവധി പ്രസംഗക്കുറിപ്പുകൾ ലഭ്യമാണെങ്കിലും മലയാളത്തിൽ ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ അധികമായിട്ടില്ല. ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ *വചനം തിരുവചനം* എന്ന ഗ്രന്ഥവും മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ *പ്രഭാഷണ സഹായി*യും സിറിൾ റമ്പാന്റെ *ആണ്ടടക്ക പ്രസംഗക്കുറിപ്പുകളും* ആദ്യകാല ഗ്രന്ഥങ്ങളാണ്. എന്നാൽ നാല് വാല്യങ്ങളിലായി ലഭ്യമാകുന്ന ആദ്യഗ്രന്ഥ പരമ്പരയാണ് പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ *ദിവ്യജ്ഞാനം*. ഇതിൽ പ്രകാശം പരത്തുന്നത് 450-ൽപ്പരം പ്രഭാഷണ/പ്രസംഗക്കുറിപ്പുകളാണ്. പ്രഭാഷണക്കുറിപ്പുകളുടെ ഡയറികൾ എഴുതിയതായി പ. പൗലോസ് ദ്വിതീയൻ ബാവാ ഒരിടത്തും വെളിപ്പെടുത്തിയിട്ടില്ല എന്നതാണ് പരമ യാഥാർത്ഥ്യം. കാലത്തിന്റെ വെളിച്ചമാളികയിൽ അവയ്ക്ക് അക്ഷര വെളിച്ചം ലഭ്യമായത് മഹാഭാഗ്യം.

പ. പൗലോസ് ദ്വിതീയൻ കാലോതിക്കാ ബാവായുടെ *ദിവ്യജ്ഞാനം* ഗ്രന്ഥാവരിയിൽ ദീർഘമായ പ്രഭാഷണങ്ങളും ലഘുപ്രഭാഷണങ്ങളും ഉണ്ട്. വിശദമായ പ്രഭാഷണക്കുറിപ്പുകളും ലഘുപ്രഭാഷണക്കുറിപ്പുകളുമുണ്ട്. ഇവ വിവിധ കാലഘട്ടങ്ങളിൽ രൂപപ്പെട്ടവ ആയതിനാൽ അക്കാലത്തെ സാമൂഹിക രാഷ്ട്രീയ ചലനങ്ങളും സഭാ നിലപാടുകളും ശാസ്ത്ര സാങ്കേതിക വികസന കാഴ്ചപ്പാടുകളും ഉൾച്ചേർത്തിട്ടുണ്ട്. ചരിത്രത്തിന്റെ സ്പന്ദനങ്ങളും വേദവ്യാഖ്യാനങ്ങളുമാണ് *ദിവ്യജ്ഞാനം* വെളിപ്പെടുത്തുന്നത്. ധ്യാനം, കൺവൻഷൻ, പെരുന്നാൾ, കൂദാശ, മോറാനായ പെരുന്നാൾ, പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ, കോൺഫ്രൻസ്, റേഡിയോ തുടങ്ങിയവയ്ക്കായി പ. പൗലോസ് ദ്വിതീയൻ ബാവാ നടത്തിയ പ്രഭാഷണങ്ങൾ എന്ന് ഇവയെ തരംതിരിക്കാം. വേദവാക്യത്തിൽ കേന്ദ്രീകൃതമായ നിരവധി പ്രസംഗക്കുറിപ്പുകൾ ഉണ്ട്. ശ്രദ്ധേയമായ വേദപുസ്തക കഥാപാത്ര പഠനങ്ങളും ഞായർദിന ഏവൻഗേലിയോൻ പ്രഭാഷണക്കുറിപ്പുകളും ഇതിൽ ഉൾച്ചേർത്തിരിക്കുന്നു.

പ. പൗലോസ് ദ്വിതീയൻ ബാവായുടെ പ്രസംഗക്കുറിപ്പുകൾ അധികവും വൈദികൻ ആയിരുന്ന കാലത്തുള്ളതാണ്. എന്നാൽ മെത്രാപ്പോലീത്താ സ്ഥാനത്ത് എത്തിയശേഷം നടത്തിയ പ്രസംഗക്കുറിപ്പുകളും ഉണ്ട്. പ്രസംഗകലയിൽ അഗ്രഗണ്യൻ അല്ല എന്ന നല്ല അവബോധമുള്ള അദ്ദേഹം പെരുന്നാളുകൾക്ക് മെത്രാച്ചന്മാരെ ക്ഷണിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംഘാടകർ വെച്ചിട്ടുള്ളതിനെക്കുറിച്ച് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ 1983 ജനുവരി 16-ന് നടത്തിയ പ്രസംഗത്തിൽ പരസ്യമായി പറഞ്ഞിട്ടുണ്ട്. അന്നദ്ദേഹം നിയുക്ത മെത്രാനാണ്. സ്വരമാധുര്യം, നല്ല പ്രസംഗം, പുതിയ മുഖം എന്നീ വ്യവസ്ഥകളിലാണ് സംഘാടകർ പ്രസംഗകർക്ക് അവസരം നൽകുന്നത്. *എനിക്ക് പ്രസംഗിക്കാൻ വലിയ കഴിവില്ലെങ്കിലും പ്രസംഗം നിർത്താൻ അറിയാം. പ്രസംഗം വേഗം നിർത്താനുള്ള എന്റെ കഴിവിനെ നിങ്ങൾ അംഗീകരിച്ചതിൽ സന്തോഷിക്കുന്നതായി* പ്രസംഗത്തിൽ പറയുന്നു.

കൺവൻഷൻ പ്രസംഗങ്ങളെയും പ്രസംഗകരേയും വിമർശിക്കുവാനും ശ്രമിച്ചിട്ടുണ്ട്. *കൺവൻഷൻ വിനോദത്തിനുവേണ്ടിയാണെന്നും ആത്മീയതയിൽ മായം കലർത്തിയിരിക്കുന്ന കൺവൻഷൻ വെടിക്കെട്ട് കാണുന്നതുപോലെ* എന്നും പറയുന്നുണ്ട്. *ചിലപ്പോൾ ചോർച്ചയുള്ള കലത്തിൽ വെള്ളം ഒഴിച്ചു വെച്ചിരിക്കുന്നതുപോലെയും ആകും. എല്ലാ പ്രസംഗത്തിന്റെയും ആത്യന്തിക ലക്ഷ്യം രൂപാന്തര ജീവിതം ആയിരിക്കണം* എന്ന് ഉപദേശിക്കുന്ന പ. പൗലോസ് ദ്വിതീയൻ ബാവാ *യേശു ഒരു സരസനായ പ്രസംഗകൻ ആയിരുന്നു* എന്ന് സമർത്ഥിക്കുന്നു. ദൈവികവും നിഗൂഢവുമായ കാര്യങ്ങൾ ദൃഷ്ടാന്തങ്ങളായും ഉപമകളായും വിശദീകരിക്കുന്നു. *ആദിയോടന്തം ലളിതമായ ഭാഷയിൽ പ്രസംഗിക്കുവാൻ യേശുവിന് കഴിഞ്ഞു.* പ്രസംഗത്തിലെ വാക്കുകൾ മനുഷ്യഹൃദയത്തിൽ സ്പർശിച്ചു. മനുഷ്യസമൂഹത്തിലേക്ക് ദൈവത്തിന്റെ മനസ്സലിവ് സംക്രമിപ്പിച്ച് വിശ്വാസത്തിലേക്ക് നയിക്കുവാൻ കഴിഞ്ഞു.

മിക്ക പ്രസംഗക്കുറിപ്പുകളിലും സ്വന്തം പ്രഭാഷണ ചാതുര്യത്തിന്റെ പരിമിതി തിരിച്ചറിഞ്ഞിട്ടുള്ള പ. പൗലോസ് ദ്വിതീയൻ ബാവാ *എന്റെ പ്രസംഗം കഷായത്തിന് തുല്യമാണ്* എന്ന് പറയുന്നു. ആയുർവേദത്തിലെ കഷായം ആരും ഇഷ്ടപ്പെടാറില്ലല്ലോ. എന്നാൽ *എനിക്ക് പഞ്ചസാരയിൽ പൊതിഞ്ഞ ഗുളികകളായി പ്രസംഗ സന്ദേശം നൽകാൻ കഴിയില്ല. പുട്ടിന് തേങ്ങാപ്പീര പോലെ ചിലപ്പോൾ അവതരിപ്പിക്കാൻ കഴിയും.* എങ്കിലും പൗലോസ് ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനം 10:17-ൽ വാഗ്ധോരണിയില്ലാത്ത ഒരാളെക്കുറിച്ച് പറയുന്നത് പ. പൗലോസ് ദ്വിതീയൻ ബാവായെ ഹഠാദാകർഷിച്ചിട്ടുണ്ട്. *ആകയാൽ വിശ്വാസം കേൾവിയാലും യേശുക്രിസ്തുവിന്റെ വചനത്താലും വരുന്നു.* വാഗ്ധോരണി ആവശ്യമില്ല. *പരിശുദ്ധാത്മാവ് സംസാരിക്കാനും ഹൃദയങ്ങളെ തുറന്ന് നിറയ്ക്കുവാനും പ്രാർത്ഥിച്ചാൽ മതി.* എല്ലാം കൃത്യസമയത്ത് ലഭ്യമാകും. വാഗ്ധോരണിയില്ലായ്മ വിശുദ്ധിയുടെ കരുത്താണ്. വലിയ പദ്ധതികളും പരിശീലനങ്ങളും ആവശ്യമില്ല എന്നാണ് പ. പൗലോസ് ദ്വിതീയൻ എഴുതിയിരിക്കുന്നത്: *യേശു ക്രിസ്തുവിന്റെ പ്രസംഗ ജീവിതം ഒരു സഞ്ചാര മിഷനറിയുടെതായിരുന്നു. ഒരു പ്രത്യേക പരിപാടി മുൻകൂട്ടി തയ്യാറാക്കിയിരുന്നില്ല. അഡ്വർറ്റൈസ്മെന്റും പത്രപരസ്യവും മൈക്ക് അനൗൺസ്മെന്റും ഇല്ലായിരുന്നു.* ആഗോളതലത്തിൽ പ്രശസ്തരായ സുവിശേഷകരെ കഠിനഭാഷയിൽ വിമർശിക്കുന്നവയാണ് ഇവ. പ്രവൃത്തിയും പ്രസംഗവും തമ്മിൽ ബന്ധിക്കണം എന്ന് പ. പൗലോസ് ദ്വിതീയൻ ബാവാ ഉദ്ബോധിപ്പിക്കുന്നു. വില കുറഞ്ഞ, പ്രസിദ്ധിയുടെ പിറകെ പോകരുതെന്നും ഉപദേശിക്കുന്നു.

എങ്ങനെയായിരിക്കണം ധ്യാനം എന്ന് ഉപദേശിക്കുന്നത് സ്വതസിദ്ധ ശൈലിയിലാണ്. *ധ്യാനം ഒരു പ്രസംഗമോ, വേദപഠനമോ അല്ല. ദൈവസാന്നിദ്ധ്യബോധത്തിലുള്ള ആഹ്ലാദമാണ്. നമ്മെ തന്നെ മറക്കുന്നതിനുള്ള അവസരമാണ് ധ്യാനം. ഒരു പശുക്കുട്ടി അതിന്റെ തള്ളയുടെ സമീപത്ത് നിൽക്കുമ്പോഴുണ്ടാകുന്ന അതിന്റെ മാനസികാവസ്ഥ. ഒരു കോഴിക്കുഞ്ഞ് തള്ളക്കോഴിയുടെ ചിറകിൽ ചേർന്നിരിക്കുമ്പോഴുള്ള അവസ്ഥ. ഒരു മനുഷ്യശിശു അതിന്റെ അമ്മ*

യുടെ മാറിടത്തിൽ ചാഞ്ഞുകിടക്കുമ്പോഴുള്ള അവസ്ഥ. എന്നാൽ ധ്യാനം പലർക്കും ഉറക്കം തൂങ്ങുവാനുള്ള മണിക്കൂറുകളാണ്.

ദൈവബന്ധം പകരുന്ന ധ്യാനത്തിനുപകരം ഇപ്പോൾ കൺവൻഷനാണ് സഭയിൽ ശക്തിപ്പെടുന്നത്. ധ്യാനം ശാന്തതയ്ക്കും ഏകാന്തതയ്ക്കും മാന സാന്തരത്തിനുമുള്ളതാണ്. ഇത്തരം *ശാന്തത ഇഷ്ടപ്പെടുന്നവർ സഭയിൽ കുറഞ്ഞുവരുന്നു* എന്ന് പ. പൗലോസ് ദ്വിതീയൻ ബാവാ ഓർമ്മപ്പെടുത്തുന്നു.

ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികത്തിന് അതിഥികളായി എത്തുന്നവരുടെ ദീർഘമായ പ്രസംഗശൈലി തിരുത്തപ്പെടണമെന്ന് പ. പൗലോസ് ദ്വിതീയൻ നിർദ്ദേശിക്കുന്നു. *അദ്ധ്യക്ഷന്റെയും മറ്റ് പ്രസംഗകരുടെയും കീർവാണ പ്രസംഗങ്ങൾക്ക് ഒരു പ്രസക്തിയും ഇല്ല* എന്നാണ് അദ്ദേഹം പറയുന്നത്. *കുട്ടികളുടെ പ്രസംഗവും കലാവിരുതും പ്രകടിപ്പിക്കാനുള്ള അവസരമാണ് വാർഷിക യോഗങ്ങൾ. മുതിർന്നവർ അത് ആസ്വദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ മതി* എന്നാണ് പഴഞ്ഞിയിൽ 1984 ജനുവരി 22-ന് നടത്തിയ പ്രസംഗത്തിൽ പറയുന്നത്. *ഒരു സദ്യയ്ക്ക് പല നല്ല കറികളും വിളമ്പും. ഇഞ്ചിക്കറിയും ഉണ്ടായിരിക്കും. എന്നാൽ ഇഞ്ചിക്കറിയുടെ സ്ഥാനമേ അദ്ധ്യക്ഷപ്രസംഗത്തിന് ഉള്ളൂ* എന്നും പ. ബാവാ വ്യക്തമാക്കുന്നു.

വേദപുസ്തകത്തിലെ വാക്യവിശകലനത്തോടൊപ്പം സൂക്ഷ്മമായ നിരീക്ഷണങ്ങളും സാമൂഹിക അപഗ്രഥനങ്ങളും കൃത്യമായി ഇതിൽ നിർവ്വഹിച്ചിട്ടുണ്ട്. ആശ്രമ പ്രസ്ഥാനങ്ങൾ തകർച്ചയിൽ എത്തുന്നത് സഭ കൂടുതൽ ലൗകികമായതിന്റെ ലക്ഷണമെന്ന് പറയുവാൻ അദ്ദേഹം മടിച്ചില്ല. പരിത്യാഗം, ക്രൂശു നിറഞ്ഞ ജീവിതമാണെന്നും സ്വജീവിതാനുഭവത്തിലൂടെ പഠിപ്പിച്ചു. ഇതിന് ധ്യാനം, രഹസ്യപ്രാർത്ഥന, ഉപവാസം, കുമ്പിടീൽ, മൗനം, മദ്ധ്യസ്ഥപ്രാർത്ഥന, സ്വയം പീഡനം എന്നിവ അനിവാര്യമാണെന്നും വിശദീകരിക്കുന്നു.

സന്യാസിക്കും ക്രിസ്തു ശിഷ്യനും സ്വഭാവത്തിൽ സമഗ്രമായ മാറ്റം അനിവാര്യമാണ്. പാമ്പിനെപ്പോലെ ബുദ്ധിയും പ്രാവിനെപ്പോലെ നിഷ്കളങ്കതയും ത്യാഗം സഹിക്കാനുള്ള സന്നദ്ധതയും നിർഭയത്വത്തോടെ ജീവിക്കാനുള്ള കരുത്തും ഉണ്ടാകണമെന്ന് പ്രസംഗക്കുറിപ്പുകളിൽ ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. ഇവ സ്വജീവിതത്തിലൂടെ വെളിപ്പെടുത്തിയ നിഷ്കളങ്കനും നിർഭയനുമായ ധീര പിതാവായിരുന്നു പ. പൗലോസ് ദ്വിതീയൻ ബാവാ.

പ്രഭാഷണക്കുറിപ്പുകളിൽ അതിശക്തമായി സ്പന്ദിക്കുന്ന ആശയമാണ് ഭക്തിയുടെ യഥാർത്ഥ നിർവ്വചനം. *അത് പ്രകടനപരമല്ല, ആദായ സൂത്രമല്ല, ആത്മീയ അഹങ്കാരവുമല്ല. ജ്ഞാന-കർമ്മ-ഭക്തി മാർഗ്ഗങ്ങളുടെ സമന്വയമാകണം.* കപട ഭക്തരെ *വെള്ള തേച്ച ശവക്കല്ലറകൾ* എന്നാണ് യേശു വിളിക്കുന്നത്. ലോകം, ജഡം, പിശാച് എന്നിവയെ അതിജീവിക്കുമ്പോൾ യഥാർത്ഥ ആത്മീയരായി തീരുവാൻ കഴിയും എന്ന് പ. ബാവാ നിർദ്ദേശിക്കുന്നു.

യേശുവിന്റെ ജീവിതവും ദർശനവും ത്യാഗം, സ്നേഹം, സഹനം എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു എന്ന് 1997 ഡിസംബർ 24-ന് ആകാശവാണി തൃശൂർ നിലയത്തിൽ നടത്തിയ പ്രഭാഷണത്തിൽ വിശദീകരിക്കുന്നു. *ഞാൻ വഴിയും സത്യവും ജീവനും ആകുന്നു* (യോഹ. 14:6) എന്നത് ക്രിസ്തുവാകുന്ന വഴി, ക്രിസ്തുവാകുന്ന സത്യം, ക്രിസ്തുവാകുന്ന ജീവൻ എന്നീ തലങ്ങളിൽ വിശകലനം ചെയ്യുന്നു.

പുത്തൻകാവ് ഹൈസ്കൂളിൽ നടത്തിയ നിനുവാ നോമ്പ് ധ്യാനത്തിന്റെ (1984 ഫെബ്രുവരി 14) പ്രാരംഭം തന്നെ ആകർഷകമാണ്. *പണ്ടൊരിക്കൽ ധ്യാനം എടുക്കുവാൻ ഒരാൾ പോയി. അത് കേൾക്കാൻ 25,000 പേരെങ്കിലും ഉണ്ടായിരുന്നു. അവർ ദൈവവഴി തെറ്റി സഞ്ചരിച്ചിരുന്നു. എന്നാൽ ധ്യാനം നയിച്ചത് യോനയാണ്. കേൾവിക്കാർ നിനുവാ നിവാസികളും. ആ ധ്യാനം ഫലം കണ്ടു. പ്രസംഗം കേട്ടവർക്ക് ആത്മപരിശോധനയും (Self Examination) അനുതാപവും (Repetance) ഉണ്ടായി. ദേശം രൂപാന്തരപ്പെട്ടു (transformation).*

സഖായി എന്ന പാപിയായ മനുഷ്യൻ പരിശുദ്ധനായി തീരുന്ന സംഭവം ഏഴ് ഘട്ടങ്ങളിലൂടെ വിശദീകരിക്കുന്നത് ശ്രദ്ധേയമാണ്. യേശുവിനെ കാണുന്നതിനായി ചുങ്കം പിരിക്കുന്ന ജോലി ഉപേക്ഷിക്കുന്നു, പുരുഷാരം നിമിത്തം ധാരാളം പ്രശ്നങ്ങൾ നേരിടുന്നു. സ്വന്തം കുറ്റങ്ങൾ കണ്ടുപിടിക്കാനും യേശുവിനെ കാണുവാനും ഓടിക്കയറുന്നു, യേശുവിനെ കാണുവാൻ റിസ്ക് (Risk) എടുക്കുന്നു, യേശു സഖായിയുടെ ജീവിതത്തിൽ എത്തിച്ചേരുന്നു, സഖായി കുമ്പസാരവും ഏറ്റുപറച്ചിലും നടത്തുന്നു - ഒരു വിഷയത്തെ സമഗ്രമായി



വിശകലനം ചെയ്ത് സംക്ഷിപ്തമായി അവതരിപ്പിക്കുന്നതിനുള്ള വൈദഗ്ദ്ധ്യമാണ് ഈ ഘട്ട വിഭജനത്തിൽ പ്രകടമാകുന്നത്.

കുരിശിന്റെ അനുഭവത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനുള്ള മൂന്ന് കുറുക്കുവഴികൾ യേശുവിന്റെ പ്രലോഭനങ്ങൾ വിശദീകരിക്കുമ്പോൾ വ്യക്തമാക്കുന്നു (മത്താ. 4: 3, 6, 9). സുഖം, അത്ഭുതം, അധികാരം എന്നിവയുടെ വ്യാജപ്രതിച്ഛായകൾ പ്രലോഭനങ്ങളായി മനുഷ്യരിൽ സംക്രമിക്കുന്നു. യേശുവിനുപോലും ബാഹ്യമായ പ്രലോഭനങ്ങളെയാണ് അധികമായി നേരിടേണ്ടി വന്നത്. ധനം, സുഖം, അത്ഭുതം, അധികാരം എന്നിവയിൽ അധിഷ്ഠിതമായ അടയാളങ്ങൾ ആത്മീയതയിലും ശക്തിപ്പെടുന്നതിനെ കഠിനമായ ഭാഷയിൽ വിമർശിക്കുന്നുണ്ട്. 1996 ഡിസംബർ 24-ന് ആകാശവാണി തൃശൂർ നിലയത്തിൽ നടത്തിയ പ്രഭാഷണത്തിലും മനുഷ്യൻ പണം, പ്രതാപം, ആരോഗ്യം, സൗന്ദര്യം, ഉദ്യോഗം, ജനസമ്മിതി എന്നിവ കൈവശപ്പെടുത്തുവാനായി അധികം പരിശ്രമിക്കുന്നു എന്ന് പറയുന്നു.

പഴയ മനുഷ്യൻ പുതിയ മനുഷ്യൻ എന്ന പൗലോസിന്റെ വിശകലനം (1 കൊരി. 5:17) *ക്രിസ്തുവിനെ അറിയാത്ത മനുഷ്യൻ, ക്രിസ്തുവിൽ ലയിച്ചു ചേർന്ന മനുഷ്യൻ* എന്ന് വ്യാഖ്യാനിക്കുന്നു. പുതിയ മനുഷ്യന്റെ പാദമുദ്രകൾ കൃത്യമായി ഇതിൽ അക്കമിട്ട് നിരത്തുന്നു: ക്രിസ്തുവിശ്വാസത്തിൽ വളരുക, സഹോദര സ്നേഹം നിലനിർത്തുക, ക്രിസ്തുവിന്റെ ശുശ്രൂഷകരായി പ്രവർത്തിക്കുക.

സഭയുടെ ആത്മീയ ജീവനെ പരിപോഷിപ്പിക്കുന്ന നോമ്പിന്റെ നാല് ഉത്തരവാദിത്വങ്ങൾ കൃത്യമായി പങ്കിടുന്നു. 1. ഭക്ഷണം വെടിയണം. 2. പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. 3. ദരിദ്രരെ സഹായിക്കണം. 4. ആരോഗ്യം സംരക്ഷിക്കണം. വേദപുസ്തകാധിഷ്ഠിതമായ നോമ്പ് അനുഷ്ഠിക്കുവാൻ ഏവരും കടപ്പെട്ടവരെന്ന് വ്യക്തമാക്കുന്നു.

നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്കുവീൻ (സങ്കീ. 37:5) എന്നതിൽ അഞ്ച് കാര്യങ്ങൾ വേദപുസ്തകാധിഷ്ഠിതമായി ഓർമ്മിപ്പിക്കുന്നു. ദൈവം വിശ്വസ്തൻ, നല്ലവൻ, പ്രാപ്തൻ, ആശ്വസിപ്പിക്കുന്നവൻ, ദുഷ്ടനിൽ നിന്നും രക്ഷിക്കുന്നവൻ. അതിനാൽ വിശ്വാസികളുടെ വഴികൾ ദൈവത്തിൽ ഭരമേൽപ്പിക്കണം എന്ന് ഇതിൽ സംഗ്രഹിക്കുന്നു. ബൈബിളിലെ മൂന്നുതരം അനുകരണങ്ങൾ ഹൃദ്യമായി വിശദീകരിക്കുന്നു: *നന്മയെ അനുകരിക്കണം* (1 യോഹ. 1:11), *വിശ്വാസം അനുകരിക്കണം* (എബ്രാ. 13:7), *ദൈവത്തെ അനുകരിക്കണം* (എഫേ. 5:1).

മരുഭൂമിയെ വിരുന്നുശാലയാക്കിയ മഹത്തായ അത്ഭുതമാണ് നാല് സുവിശേഷങ്ങളിലുമുള്ള അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുന്ന സംഭവം. വിരുന്നുശാല ഒരുക്കുവാൻ സഹായിച്ചത് അഞ്ചപ്പവും രണ്ട് മീനും കരുതിയ ബാലനാണ്. ഉള്ളത് മുഴുവൻ സമർപ്പിക്കുന്ന ഈ ബാലൻ സമർപ്പണബോധമുള്ള വ്യക്തിയാണ്. പണം മാത്രം സമർപ്പിക്കുന്നവരെയല്ല യേശുവിന് വേണ്ടത് - ബുദ്ധി, കഴിവ്, സമയം, നൈപുണ്യം തുടങ്ങിയ സമർപ്പിക്കുവാൻ

സന്നദ്ധരായ വ്യക്തികളെ യേശുവിന് ആവശ്യമുണ്ട്. വിരുന്നുശാല നിറയ്ക്കുവാനായി യേശു അപ്പം എടുത്ത്, വാഴ്ത്തി, മുറിച്ച്, വിതരണം ചെയ്തപ്പോൾ ജനം യേശുവിന്റെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഭാഷ തിരിച്ചറിഞ്ഞു. സ്നേഹത്തിന്റെ ഭാഷ മനുഷ്യരെ ഐക്യത്തിലേക്കും സമാധാനത്തിലേക്കും ശാന്തിയിലേക്കും നയിക്കും. അത് ആർദ്രസ്നേഹത്തിന്റെതായപ്പോൾ മരുഭൂമിയെ വിരുന്നുശാലയാക്കി. യേശുവിനൊപ്പം ചെറുബാലനും ശിഷ്യന്മാരും പുരുഷാരവും ഒന്നിച്ചിടപ്പെട്ടപ്പോൾ എല്ലാവർക്കും തൃപ്തി ഉണ്ടായി. ശേഷിച്ച ഭക്ഷണങ്ങൾ നിറച്ചെടുത്ത് ശേഖരിക്കുവാനും കഴിഞ്ഞു.

പഴയ-പുതിയ നിയമങ്ങളിൽ പുരുഷാരം അപ്പം ഭക്ഷിച്ച സംഭവങ്ങൾ വിശദീകരിക്കുന്നുണ്ട്. മരുഭൂമിയെ വിരുന്നുശാലയാക്കിയ യേശു *ഞാൻ ജീവന്റെ അപ്പമാകുന്നു* എന്ന് പ്രസ്താവിക്കുന്നു. അത് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ അപ്പം ആകുന്നു, ക്രിസ്തുവിലേക്ക് അപ്പം വഴി കൂടിച്ചേരണം, അപ്പം നിത്യജീവനെ പ്രദാനം ചെയ്യണം എന്ന് വ്യാഖ്യാനിക്കുന്നു. *നിങ്ങൾക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിമായി ജീവൻ ഉണ്ടാകുവാനുമത്രേ ഞാൻ വന്നത്* (യോഹ. 10:10) എന്നാണ് യേശു പഠിപ്പിക്കുന്നത്. ആത്മസൗന്ദര്യം ഇരട്ടിക്കുന്നത് സമൃദ്ധിയായ ജീവൻ ഉണ്ടാകുമ്പോഴാണ്. ആത്മാവിന്റെ സൗന്ദര്യം അന്വേഷിക്കുന്ന സമൂഹം വളർന്നുവരണമെന്ന് പ. ബാവ പ്രഭാഷണങ്ങളിൽ പ്രബോധിപ്പിക്കുന്നു.

മനുഷ്യനിൽ ശരീരം, മനസ്സ്, ആത്മാവ് എന്നിവ സമഗ്രമായി സമന്വയിക്കുന്നു. എന്നാൽ *ഇവ ഒരു വണ്ടിയുടെ യന്ത്രഭാഗങ്ങൾ അഴിച്ചു മാറ്റുന്നതുപോലെ ശരീരം, മനസ്സ്, ആത്മാവ് എന്നിവയെ വേർതിരിക്കാനാവില്ല*. ദൈവവചന ബോദ്ധ്യവും സത്ഗുണങ്ങളും പ്രചോദന ചിന്തകളും വ്യക്തികളിൽ പ്രതിഫലിക്കുമ്പോൾ വിശുദ്ധ ജീവിതവും വിശുദ്ധ ശരീരവും രൂപപ്പെടുത്തി ആത്മസൗന്ദര്യം വർദ്ധിപ്പിക്കുവാൻ കഴിയും.

ക്രിസ്തു ശിഷ്യന്മാർക്ക് നൽകിയ ഉപദേശങ്ങൾ മൂന്നായി വ്യക്തമാക്കുന്നതാണ് *ഉപദേശം* എന്ന പ്രഭാഷണക്കുറിപ്പ്. 1. തിന്മയുമായി ഒരിക്കലും പൊരുത്തപ്പെടുവാൻ ഇടയാകരുത്. 2. എല്ലാവരേക്കാളും ക്രിസ്തുവിനെ പ്രിയമാക്കണം. 3. സാക്ഷ്യ ജീവിതത്തിൽ ക്രൂശിന്റെ അനുഭവം ഉണ്ടാകണം. ശിഷ്യൻ എങ്ങനെ ആയിരിക്കണമെന്നതിന് മൂന്ന് നിർദ്ദേശങ്ങൾ നൽകുന്നു. 1. ബഹുമാനം ആവശ്യപ്പെടാതിരിക്കുക. 2. അവസാനത്തേത് തിരഞ്ഞെടുക്കുക. 3. മറ്റുള്ളവരെ നമ്മേക്കാൾ ശ്രേഷ്ഠരായി കരുതുക.

വിവിധ വേദവിഷയങ്ങൾ സംക്ഷിപ്തവും ആകർഷകവുമായി, ഇതിൽ പ്രസംഗക്കുറിപ്പുകളായി അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്: യേശുവിന്റെ ജനന ലക്ഷ്യം നാല് തരത്തിൽ സംഗ്രഹിക്കുന്നു: 1. വിദ്വാന്മാർ ക്രിസ്തുവിനെ ആത്മാർത്ഥമായി നമസ്ക്കരിച്ചതുപോലെ നാമും ആത്മാർത്ഥമായി ക്രിസ്തുവിനെ നമസ്ക്കരിക്കണം. 2. തിന്മയുടെ രാജകൊട്ടാരങ്ങൾ ഹൃദയത്തിൽ പൊട്ടിതകരണം. 3. നക്ഷത്രത്തെപ്പോലെ ക്രിസ്തുവിലേക്ക് വഴികാട്ടിയായി പ്രകാശിക്കണം. 4. സ്വർഗ്ഗീയ മാലാഖമാർ ആനന്ദനൃത്തമാടിയതുപോലെ യേശു ഹൃദയത്തിൽ വസിക്കണം. 5. വിദ്വാന്മാർ വേറെ വഴി മടങ്ങിയതുപോലെ തിന്മയുടെ വഴികളിൽ നിന്നും മാറിപ്പോകണം.

പ്രവാചകന്മാരുടെ ദൗത്യവും (നഹും. 1:7) മൂന്ന് തരത്തിൽ സംഗ്രഹിക്കുന്നു. 1. ദൈവമനസ്സ് നിർഭയം വെളിപ്പെടുത്തുക. 2. തകർന്ന മനുഷ്യരെ ആശ്വസിപ്പിക്കുക. 3. ദുഷ്ടന്മാരെ പാപത്തെപ്പറ്റിയും ദൈവകോപത്തെപ്പറ്റിയും ബോധവൽക്കരിക്കുക. യേശുവിനോട് ചോദിച്ച നാല് കുടുക്കു ചോദ്യങ്ങൾ സംഗ്രഹിക്കുന്നത് ശ്രദ്ധിക്കുക: 1. നീ എന്ത് അധികാരത്തിൽ ഇത് ചെയ്യുന്നു. 2. കൈസ്സറിന് കരം കൊടുക്കുന്നത് വിഹിതമോ. 3. പുനരുത്ഥാനത്തിൽ ഏഴ് പേർക്ക് ഭാര്യയായിരുന്നവൾ ആർക്ക് ഭാര്യയാകും. 4. ന്യായപ്രമാണത്തിലെ വലിയ കല്പന ഏതാണ്.

യോഹന്നാൻ മാംദാനയുടെ മൂന്ന് വായ്മൊഴികൾ പ്രഭാഷണക്കുറിപ്പിൽ വിശദീകരിക്കുന്നുണ്ട്. 1. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവീൻ (മത്താ. 3:2). 2. ഇതാ ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:36). 3. അവൻ വളരണം, ഞാനോ കുറയേണം (യോഹ. 3:30). തോമാശ്ലീഹായെക്കുറിച്ചുള്ള ഇതിലെ കുറിപ്പും ശ്രേഷ്ഠമാണ്: വഴി ചോദിക്കുന്ന തോമസ്, ക്രിസ്തു വിശ്വാസം ഏറ്റുപറയുന്ന തോമസ്, ക്രിസ്തുവിനായി മരണത്തെ നിസ്സാരമായി കരുതുന്ന തോമസ് എന്ന് സംക്ഷിപ്തമായി വിശുദ്ധ തോമസിന്റെ സുവിശേഷം വെളിപ്പെടുത്തുന്നു.

കന്യകമറിയത്തെക്കുറിച്ച് സുവ്യക്തമായി നാല് കാര്യങ്ങൾ പറയുന്നു: മറിയയുടെ മകൻ എന്ന പരിഹാസം സഹിച്ചവൾ, പ്രസവിക്കുവാൻ ഒരിടമില്ലാതെ കഷ്ടപ്പെട്ടവൾ, ശിശുവിനെ രക്ഷിക്കാൻ ശത്രുരാജ്യത്തേക്ക് ഓടിപ്പോയവൾ, സ്വന്തം മകന്റെ മരണത്തിന് സാക്ഷിയായവൾ. ഇത്തരം ഘട്ടവിഭജനം എല്ലാം സ്വതസിദ്ധമായ ശൈലിയിലാണ് പ. പൗലോസ് ദ്വിതീയൻ ബാവാ അവതരിപ്പിക്കുന്നത്.

യഹൂദരും യവനായക്കാരും ക്രിസ്ത്യാനികളും തിങ്ങിപ്പാർക്കുന്ന വ്യവസായ നഗരമായ കൊരിന്ത്യ, ധനം, ആഡംബരം, അസന്മാർഗ്ഗികത എന്നിവയാൽ നിറഞ്ഞു. ജനങ്ങൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞു. കക്ഷിവഴക്കുകൾ ആരംഭിച്ചു. നാലുതരം കക്ഷികൾ വളർന്നു. പൗലോസിന്റെ ഗ്രൂപ്പ്, അപ്പല്ലോവിന്റെ ഗ്രൂപ്പ്, കേപ്പാവിന്റെ ഗ്രൂപ്പ്, ക്രിസ്തുവിന്റെ ഗ്രൂപ്പ് - ഈ ഗ്രൂപ്പുകാരെ നശിച്ചുപോകുന്നവർ, രക്ഷിക്കപ്പെടുന്നവർ എന്ന് പൗലോസ് തരംതിരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ രക്ഷപ്പെടും എന്ന് പഠിപ്പിക്കുന്ന പൗലോസ്, *ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു* (1 കൊരി. 1:18) എന്ന് പ്രബോധിപ്പിക്കുന്നു. ക്രിസ്തുവിൽ വളരുമ്പോൾ കക്ഷിവഴക്കുകളും ഗ്രൂപ്പിസവും അവസാനിക്കും എന്ന് ഉപദേശിക്കുന്നു.

വിഷയ വിശകലനങ്ങളിൽ ആവർത്തനം ഉണ്ടെങ്കിലും പ്രസംഗക്കുറിപ്പുകളുടെ സ്വഭാവം വ്യത്യാസമായതിനാൽ ഏവർക്കും ഹൃദ്യമാണ്. തോമ്മാശ്ലീഹാ, സഖായി, യോന, യോഹന്നാൻ, അഞ്ചപ്പം, മറിയം, ക്രിസ്തുമസ്, ഗീവർഗ്ഗീസ് സഹദ, കുരിശ് തുടങ്ങിയ വിഷയങ്ങൾ ഒന്നിലധികം ഉണ്ടെങ്കിലും വ്യാഖ്യാനങ്ങളും പ്രസംഗക്കുറിപ്പും വ്യത്യസ്ത ശൈലിയിലാണ് അവതരിപ്പിക്കുന്നത്.

സ്വന്തമായ വേദപഠനത്തിനും വേദപരിജ്ഞാനത്തിനും വഴിയും മാർഗ്ഗവും പകരുന്ന പ. പൗലോസ് ദ്വിതീയൻ ബാവായുടെ ഈ കൃതിയിലെ പ്രഭാഷണങ്ങൾ പൂർണ്ണ രൂപത്തിൽ വാമൊഴിയായോ വരമൊഴിയായോ മലങ്കര സഭയ്ക്ക് ലഭ്യമായില്ല എന്നത് സങ്കടകരമാണ്. എങ്കിലും ഈ പ്രസംഗക്കുറിപ്പെങ്കിലും കണ്ടെത്തി പ്രകാശിപ്പിക്കുവാൻ കഴിഞ്ഞത് ദൈവകൃപ മാത്രം. നിരന്തരമായ വേദപഠനവും മനനവും ഉൾക്കൊണ്ടതിനാലാണ് ഇത്തരം എഴുത്തുകൾ മലയാളത്തിന് ലഭ്യമായത്. ഈ പ്രസംഗക്കുറിപ്പുകൾ ഉപയോഗിച്ച് വീണ്ടും പ്രഭാഷണം തയ്യാറാക്കുമ്പോൾ പ. പൗലോസ് ദ്വിതീയൻ ബാവായുടെ ജീവിതവും സാക്ഷ്യവും പുതിയ തലമുറയിലേക്ക് സംവേദിക്കപ്പെടും. പ്രാർത്ഥനയും മൗനവും ഏകാന്തതയും ഇഷ്ടപ്പെട്ട അദ്ദേഹം കാലത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞ് നടത്തിയിരിക്കുന്ന വേദവ്യാഖ്യാനത്തിന്റെ അകപ്പൊരുളാണ് പ്രസംഗക്കുറിപ്പുകളിലൂടെ സംവേദിക്കുന്നത്.

പ. പൗലോസ് ദ്വിതീയൻ ബാവാ തിരക്കുകൾക്കിടയിലും മാസത്തിലൊരിക്കൽ 36 മണിക്കൂർ മൗനം ആചരിച്ചിരുന്നു. *എന്റെ സ്വകാര്യ പ്രാർത്ഥനകൾ കൂടുതലായി നടത്തുന്നതിനാൽ മനസ്സിന് സന്തോഷവും സമാധാനവും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ ആത്മധൈര്യവും ലഭിക്കുന്നു. മറ്റൊന്നും ചിന്തിക്കുന്നില്ല. ധ്യാനത്തിൽ ഇരിക്കുക, വല്ലതും വായിക്കുക. ചിലപ്പോൾ എഴുതുക, പ്രാർത്ഥിക്കുക ആത്രമാത്രം* എന്നാണ് മൗനധ്യാനത്തേക്കുറിച്ച് അദ്ദേഹം പറഞ്ഞത്. ഇത്തരം ഏകാന്തതകളിൽ ഹൃദയം പകർന്ന വേദവെളിച്ചമാണ് *ദിവ്യജ്ഞാനമായി* തീർന്നത്.

വാഗ്ധോരണിയില്ലാത്ത ഒരാൾ എന്നും *പ്രസംഗിക്കാൻ അറിയില്ലെങ്കിലും*



Great Memorial Feast 'Dukrono' of St. Thomas at St. Gregorios Orthodox Parish, Bielefeld, Germany. Dr Geevarghese Mar Yulios was the chief celebrant.

നിർത്താൻ അറിയാം എന്നും *ഇന്നത്തെ കൺവൻഷൻ പ്രസംഗങ്ങൾ വെടിക്കെട്ട് കാണുന്നതുപോലെ* എന്നും അദ്ദേഹം വിമർശിച്ചിട്ടുണ്ട്. *എന്റെ പ്രസംഗം ആയുർവേദത്തിലെ കഷായം പോലെയെന്ന്* സ്വയം വിലയിരുത്തിയിട്ടുമുണ്ട്. എന്നാൽ ദൈവകൃപ ആർജ്ജിച്ചാൽ പ്രഭാഷണത്തിനുള്ള വൈദഗ്ദ്ധ്യം ദാനമായി ലഭിക്കുമെന്ന് വിശ്വസിച്ച മഹത് വ്യക്തിത്വമാണ് പ. പൗലോസ് ദ്വിതീയൻ ബാവാ. പ്രസംഗപീഠത്തിലെ ധ്യാനഗുരുവും പ്രഭാഷകനുമായി പ്രശസ്തി നേടിയിട്ടില്ലാത്ത അദ്ദേഹം സഭയുടെ പ്രധാന മേലദ്ധ്യക്ഷനായശേഷം നടത്തിയ ഉജ്ജ്വല പ്രഭാഷണങ്ങൾ മലങ്കര സഭയുടെ സ്വത്വബോധത്തിന്റെയും നസ്രാണി പൗരുഷത്തിന്റെയും പ്രവാചക ശബ്ദമായിരുന്നു.

പ്രസംഗം സംവേദന കലയാണ്. ഫലപ്രദമായി വിഷയത്തെ വിശകലനം ചെയ്ത് മൂന്നോ നാലോ ഉപവിഭാഗങ്ങളായി അവതരിപ്പിക്കുമ്പോൾ പ്രസംഗം ഏവരേയും ആകർഷിക്കും. ആശയം, അവതരണം, ഭാഷ, വിശകലനം, ശബ്ദക്രമം, ശരീരഭാഷ എന്നിവയും പ്രസംഗത്തെ ശ്രേഷ്ഠമാക്കും. നിരന്തരമായ അഭ്യസനവും ക്രമീകൃതമായ പഠന വ്യാഖ്യാന സിദ്ധിയും സ്വായത്തമാക്കിയാൽ ഏവർക്കും പ്രസംഗനൈപുണ്യം ആർജ്ജിക്കുവാൻ കഴിയും.

പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ നടത്തിയ പ്രസംഗപീഠത്തിലെ ദിവ്യജ്ഞാനം തലമുറകളിലേക്ക് സംവേദിക്കുവാൻ മാർഗ്ഗം പകർന്ന ഡോ. എം. കുര്യൻ തോമസിന്റെ നിസ്തന്ദ്രമായ പ്രയത്നങ്ങൾക്ക് മലങ്കര സഭ ഹൃദയപൂർവ്വം കടപ്പെട്ടിരിക്കുന്നു. ചരിത്രത്തിൽ വിസ്മൃതമാകാൻ സാദ്ധ്യതയുണ്ടായിരുന്ന ഡയറിക്കുറിപ്പുകളിൽ നിന്നുമാണ് നാല് വാല്യങ്ങളിൽ *ദിവ്യജ്ഞാനത്തിന്* അക്ഷരവെളിച്ചം പകർന്നത്. മലങ്കര സഭയിലെ പിതാക്കന്മാരുടെ പ്രഭാഷണ ശൈലിയുടെ ദർശനവും രീതിശാസ്ത്രവും വിശകലനം ചെയ്യുവാൻ ഭാവിതലമുറയ്ക്ക് ഈ കൃതി വെളിച്ചം പകരും എന്ന പ്രത്യാശയോടെ ഹൃദയപൂർവ്വം പ്രസംഗപീഠത്തിലേക്ക് *ദിവ്യജ്ഞാനം* സമർപ്പിക്കുന്നു.

◆

അനുസ്മരണം

വിശാല കാഴ്ചപ്പാടുള്ള പിതാവ്

അഡ്വ. പി. എസ്. ശ്രീധരൻ പിള്ള

(ഗോവാ ഗവർണ്ണർ)



പ. കാതോലിക്കാ ബാവാ തിരുമേനിയുമായുള്ള എന്റെ ബന്ധം കുന്നംകുളത്തു നിന്നും ആരംഭിക്കുന്നതാണ്. അന്ന് അദ്ദേഹം സഭാദ്ധ്യക്ഷൻ ആയിട്ടില്ല. കുന്നംകുളത്ത് ഒരു പരിപാടിയിൽ പങ്കെടുത്തത് ഞാൻ ഓർക്കുന്നു. തദ്ദേശീയവും ദേശീയവുമായ തനിമ നിലനിർത്തുന്നതിൽ ഭാരത ചരിത്രത്തിൽ പ്രധാന പങ്കുവഹിച്ച സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ പ. കാതോലിക്കാ ബാവ വളരെ പ്രാധാന്യം അർഹിക്കുന്നു. ഇന്ത്യൻ പ്രധാനമന്ത്രി ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ അവിടെ ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അതിന്റെ നടത്തിപ്പിനു ആവശ്യമായ പിന്തുണ ഗുജറാത്ത് സർക്കാർ നൽകുകയും അതിൽ ശ്രീ നരേന്ദ്ര മോദി സംതൃപ്തനാകുകയും ചെയ്തിട്ടുണ്ട്. അതിനാൽ ചെങ്ങന്നൂരിലെ തോമസ് മാർ അത്താനാസിയോസ് തിരുമേനിക്കും മർത്തോമ്മാ സഭയുടെ ക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്തായ്ക്കും പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കും ഗുജറാത്ത് സംസ്ഥാനം ഔദ്യോഗികമായ വൻ സ്വീകരണമാണ് നൽകിയിട്ടുള്ളത്.

പ. ബാവായുമായി എനിക്ക് ദീർഘകാലത്തെ ബന്ധമുണ്ട്. പ.ബാവാ തിരുമേനി കുന്നംകുളത്ത് മെത്രാപ്പോലിത്തായായിരുന്ന സമയത്ത് പഴഞ്ഞി പെരുന്നാളിന് പങ്കെടുക്കുവാൻ അവസരം ലഭിച്ചു. പ. പിതാവുമായി ദീർഘസമയം ചെലവഴിച്ചു. അക്കാദമിക്ക് യോഗ്യതയെക്കാൾ അനുഭവങ്ങൾക്കാണ് പ്രാധാന്യം എന്ന് ആ കൂടിക്കാഴ്ചയിൽ ഞാൻ മനസിലാക്കി. പള്ളി പെരുന്നാളിന്റെ റാസയുടെ പ്രാധാന്യവും നടത്തിപ്പും എല്ലാം അദ്ദേഹം എന്നെ ബോധ്യപ്പെടുത്തി. പള്ളിപ്പെരുന്നാളിന്റെ റാസയിൽ, മുമ്പിൽ വിളക്ക് പിടിച്ചിരിക്കുന്നത് അവിടുത്തെ പഴയ ഒരു ഹിന്ദു കുടുംബത്തിലെ അംഗമാണ്. ആ കുടുംബത്തിന് പരമ്പരാഗതമായി ആ പള്ളി പെരുന്നാളിന് വിളക്ക് പിടിച്ച് മുമ്പോട്ട് നയിക്കുവാൻ അവസരം ഉണ്ട് എന്ന് അദ്ദേഹം എനിക്ക് കാണിച്ചു തന്നു. ഇത് കണ്ടപ്പോൾ ഒരു സർവ്വധർമ്മ സമഭാവത്തെക്കുറിച്ചാണ് ഞാൻ ഓർത്തത്. അത് ഈ നാടിന്റെ പൈതൃകമാണ്.

ഇന്ത്യൻ ഭരണഘടനയ്ക്കു ബ്രിട്ടീഷ് രാജവാഴ്ചയ്ക്കും അപ്പുറത്തുള്ള പൈതൃകം ഈ ഒരൊറ്റ സംഭവത്തിലൂടെ എന്റെ ഹൃദയത്തിലേക്ക് സന്നിവേശിപ്പിച്ചു. ആ പള്ളിയിൽ മറ്റൊരു ചടങ്ങും ഉണ്ട്. ഹിന്ദുക്കൾ വരെ മുട്ടിൽ ഇഴയുന്നത് അദ്ദേഹം എനിക്ക് കാണിച്ചു തന്നു. അതു കണ്ടപ്പോൾ പൊതുപ്രവർത്തകനായ എന്നിൽ ഇത്തരത്തിൽ നങ്കൂരമിട്ട വിശ്വാസവും സൗഹൃദത്തിന്റെ അന്തരീക്ഷവും എങ്ങനെ ഉണ്ടായി എന്നും അതിൽ ഭാരതീയ മാതൃക എന്താണെന്നുമുള്ള ചിന്ത ഉണ്ടായി. എഴുതപ്പെട്ട ചരിത്രത്തിനു മുമ്പു തന്നെ ഈ മഹത്തായ മാതൃക ഉണ്ടാക്കിയ മലങ്കര സഭയേയും സഭാദ്ധ്യക്ഷനെക്കുറിച്ചുമുള്ള വളരെ ശ്രേഷ്ഠമായ വികാരം എന്നിൽ ഉണ്ടായി.

ഔപചാരികമായി സ്ഥാനമാനങ്ങളിൽ നിൽക്കുമ്പോൾ എല്ലാവരുമായി സ്നേഹം കൊടുക്കുവാനും വാങ്ങുവാനും കഴിയും. പക്ഷെ ഒരു അഭിഭാഷകനും പൊതുപ്രവർത്തകനുമായ എനിക്ക് ആദ്യമായി ഒരു ക്രിസ്തീയ സഭ ആദരിച്ചത് കോട്ടയത്തെ പഴയ സെമിനാരിയിൽ വെച്ചാണ്. അത് പ. കാതോ

ലിക്കാ ബാവായുടെ നിർദ്ദേശപ്രകാരം നടന്ന സമ്മേളനം ആയിരുന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയും ആ ചടങ്ങിൽ പങ്കെടുത്തു. ഒരു സാധാരണക്കാരനായ പൊതുപ്രവർത്തകനെ അംഗീകരിക്കുവാനുള്ള വിശാല കാഴ്ചപ്പാട് പ. ബാവായ്ക്ക് ഉണ്ടായിരുന്നു.

ഞാൻ ചെങ്ങന്നൂരിനു സമീപമുള്ള വെൺമണിക്കാരനാണ്. പരീക്ഷ എഴുതാൻ പോകുമ്പോൾ വിദ്യാർത്ഥികൾ പള്ളിയിൽ മെഴുകുതിരി കത്തിക്കാറുണ്ട്. അത് ഞാനും ചെയ്തിട്ടുണ്ട്. എന്റെ ജീവിതത്തിനും പൈതൃകത്തിനും എല്ലാത്തിനേയും ഉൾക്കൊള്ളുവാനുള്ള കാഴ്ചപ്പാടിലേക്ക് വളരുവാൻ കഴിഞ്ഞു. ഇത് ഒരു വെളിച്ചമാണെങ്കിൽ ആ വെളിച്ചത്തിന് എന്നെ പ്രാപ്തമാക്കിയതിൽ ഓർത്തഡോക്സ് സഭയ്ക്കും അതിന്റെ പരമാദ്ധ്യക്ഷനുമുള്ള പങ്ക് ഞാനിവിടെ സ്മരിക്കുകയാണ്.

നമ്മുടെ നാട്ടിലും വിദേശത്തും ധാരാളം പള്ളികളും സ്ഥാപനങ്ങളും ഉണ്ടെങ്കിലും മറ്റ് സഭകൾക്ക് കിട്ടുന്ന അംഗീകാരം ഓർത്തഡോക്സ് സഭയ്ക്ക് ഔദ്യോഗികമായി ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഇക്കാര്യങ്ങൾ മനസ്സിൽ വെച്ചു കൊണ്ട് മിസോറാമിന്റെ ചരിത്രത്തിൽ, രാജ്ഭവൻ പ്രസിദ്ധികരണത്തിൽ ഓർത്തഡോക്സ് സഭയോടും പ. കാതോലിക്കാ ബാവായോടുമുള്ള സ്നേഹത്താൽ ഞാൻ ഒരു രേഖ ഔദ്യോഗികമായി ചേർത്തു. Truly Indian Church എന്നു പറയുന്ന വിഭാഗത്തിൽ പ. കാതോലിക്കാ ബാവ വിദ്യാരംഭത്തിന് തുടക്കം കുറിക്കുന്ന ചിത്രവും വിവരണങ്ങളും എഴുതി ചേർത്തിട്ടുണ്ട് (പുസ്തകം ഉയർത്തി കാണിക്കുന്നു). ഇത് ചരിത്രത്തിന്റെ ഭാഗമാക്കിയതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. ഇത് ഒരു ചരിത്ര നിയോഗവുമാണ്.

നമ്മുടെ രാജ്യത്തിന്റെ മഹത്തായ പൈതൃകം വൈവിദ്ധ്യത്തെ അംഗീകരിക്കലാണ്. രാജ്യത്തിന്റെ വൈവിദ്ധ്യത്തിൽ ഹിന്ദു, മുസ്ലീം, ക്രിസ്ത്യാനി, വേഷം, ഭാഷ, ആചാരം, അനുഷ്ഠാനം എന്നിങ്ങനെ പലതും ഉണ്ട്. ഈ വൈവിദ്ധ്യത്തെ വൈരുദ്ധ്യമാക്കാതെ കാത്തുസൂക്ഷിക്കുവാൻ കഴിയണം. ❑



ദാരിദ്ര്യമില്ലായ്മ ദൈവികാഭിലാഷവും സഭയുടെ കുളിർമ്മയും: ഗീവർഗീസ് മാർ കൂറിലോസ്

തുമ്പമൺ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്ലീബാദാസ സമൂഹത്തിന്റെ തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിലെ അംഗങ്ങളുടെ കുടുംബ സംഗമം സ്ലീബാദാസ സമൂഹം അദ്ധ്യക്ഷൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്നു.

ദാരിദ്ര്യമില്ലായ്മ ദൈവത്തിന്റെ അഭിലാഷവും സഭയുടെ കുളിർമ്മയും ആണെന്നും അപ്രകാരം സഭയുടെ ദൗത്യം സഹജീവികളോടുള്ള കരുതലിലൂടെ ലോകത്തിന് കാണിച്ചു കൊടുത്ത ത്യാഗി ആയിരുന്നു പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത എന്നും ഈ ദർശനം നാം ഉൾക്കൊണ്ട് ദൈവിക പ്രകാശമുള്ളവരാകണമെന്നും മെത്രാപ്പോലീത്താ പറഞ്ഞു.

ഇടവക സഹവികാരി ഫാ. സി. കെ. തോമസ്, സ്ലീബാദാസ സമൂഹം ജനറൽ സെക്രട്ടറി ഫാ. സോമു കെ. ശാമുവേൽ പ്രക്കാനം, ജെ. ഉണ്ണുണ്ണി, ചാക്കോ പോൾ എന്നിവർ പ്രസംഗിച്ചു.



എൻവയൺമെന്റൽ സയൻസിൽ (മൈക്രോബയോളജി) എംജി സർവകലാശാലയിൽ നിന്ന് പിഎച്ച്ഡി നേടിയ പാമ്പാടി ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസിലെ സീനിയർ സയന്റിസ്റ്റ് റോഷിനി സൂസൻ എലിയാസ്. പുതുപ്പള്ളി എഴുത്തുപള്ളിയിൽ എലിയാസ് വർഗീസിന്റെയും ജോളി എലിയാസിന്റെയും മകൾ. ഭർത്താവ് സൗത്ത് പാമ്പാടി നെടുങ്ങോട്ടുമല പുത്തൻപറമ്പിൽ തോമസ്കുട്ടി വർഗീസ്. സൗത്ത് പാമ്പാടി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.



ഏഴാം മാർത്തോമ്മായുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചു

കോലഞ്ചേരി: സെൻറ് പീറ്റേഴ്സ് ആൻഡ് സെൻറ് പോൾസ് ഓർത്തഡോക്സ് വലിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന ഏഴാം മാർത്തോമ്മായുടെ 213-ാമത് ഓർമ്മപ്പെരുന്നാൾ ആചരിച്ചു. പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ മുഖ്യകാർമ്മികത്വം വഹിച്ചു. വി. കുർബ്ബാനക്ക് ശേഷം കബറിങ്കൽ ധൂപാർപ്പണം നടത്തി.

ഏഴാം മാർത്തോമ്മായുടെ ഓർമ്മ ആചരിക്കാറുണ്ടെങ്കിലും സഭാതർക്കത്തെ തുടർന്ന് അനേകം വർഷങ്ങൾ ദേവാലയം പൂട്ടി കിടന്നതിനാൽ കബറിടം വിസ്മൃതിയിലായി സംരക്ഷിക്കപ്പെടാതെ പോയിരുന്നു. 2022 മാർച്ച് മാസത്തിലാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കിടെ വടക്കേ മുറ്റത്ത് മണ്ണു നീക്കിയപ്പോൾ വെട്ടുകല്ല് ഉപയോഗിച്ച് നിർമ്മിച്ച കബർ കണ്ടെത്തിയത്. അസ്ഥിയുടെ അംശം കുന്തിരിക്കമുള്ള നിലയിലാണ് കബറിൽ കാണപ്പെട്ടത്.

റ്റിബിൻ ഡോക്ടറേറ്റ് നേടി



ചെന്നൈ സത്യഭാമ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രോണിക്സ് എൻജിനീയറിംഗിൽ ഡോക്ടറേറ്റ് നേടിയ റ്റിബിൻ തേക്കിൽ (ന്യൂസിലാൻഡ്). തിരുവല്ല കല്ലുങ്കൽ തേക്കിൽ ഷാലോമിൽ തോമസ് തേക്കിൽ കോർഎപ്പിസ്കോപ്പായുടെയും ഏലിയാമ്മ തോമസിന്റെയും മകനാണ്. ഭാര്യ എടത്വാ മണ്ണാംതുരുത്തിൽ ഷെറിൻ എലിസബത്ത് തോമസ്. മക്കൾ: ജിയാന എൽസാ റ്റിബിൻ, ജിസേൽ അന്നാ റ്റിബിൻ. കല്ലുങ്കൽ സെന്റ് ഇഗ്നാത്തിയോസ് പള്ളി ഇടവക അംഗവും, ന്യൂസിലാൻഡ് സെന്റ് മേരിസ് ഇന്ത്യൻ ഓർത്തഡോക്സ് ക്രൈസ്റ്റ് ചർച്ച് പള്ളി ട്രസ്റ്റിയുമാണ്.

വേദപുസ്തക പഠനം



വി. ഗ്രന്ഥത്തിലൂടെ ഒരു തീർത്ഥാടനം

ഫീലിപ്പോസ് റമ്പാൻ (ജ്യോതിസ് ആശ്രമം)

ഫറവോൻ യോസഫിനോടു താൻ കണ്ട സ്വപ്നം വിവരിച്ചു. ഫറവോൻ നദീതീരത്തു നിൽക്കുന്നു മാംസപുഷ്ടിയുള്ള ഏഴു പശുക്കൾ നദിയിൽ നിന്നു കയറി വരുന്നു. അവയുടെ പിന്നാലെ വിരൂപമായ വേറെ ഏഴു പശുക്കൾ കയറിവന്ന് മെലിഞ്ഞും വിരൂപവുമായ പശുക്കൾ പുഷ്ടിയുള്ള ഏഴു പശുക്കളെ തിന്നുകളഞ്ഞു. പിന്നെയും ഒരു സ്വപ്നം കൂടി കണ്ടു. നല്ലതും നിറഞ്ഞതുമായ ഏഴു കതിർ ഒരു തണ്ടിൽ പൊങ്ങിവന്നു. പിന്നാലെ ഉണങ്ങിയും കരിഞ്ഞുമിരിക്കുന്ന ഏഴുകതിർ പൊങ്ങിവന്നു. നേർത്ത കതിരുകൾ ഏഴു നല്ല കതിരുകളെ വിഴുങ്ങിക്കളഞ്ഞു. ഇതു ഞാൻ മന്ത്രവാദികളോടു പറഞ്ഞു. അവർക്ക് ആർക്കും വ്യാഖ്യാനിക്കുവാൻ കഴിഞ്ഞില്ല.

യോസഫ് ഫറവനോടു പറഞ്ഞത് ഫറവോൻ കണ്ട രണ്ടു സ്വപ്നവും ഒന്നു തന്നെ. താൻ ചെയ്യുവാൻ ഭാവിക്കുന്ന കാര്യം ഫറവോനു ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. ഏഴു നല്ല പശുക്കൾ ഏഴു സംവത്സരം. നല്ല കതിരും ഏഴു സംവത്സരം. അവയുടെ പിന്നാലെ കയറിവന്ന പശുക്കളും, കരിഞ്ഞ കതിരും ഏഴു വർഷം മിസ്രയീംദേശത്തൊക്കെയും ബഹുസുഭിക്ഷമായ ഏഴു സംവത്സരം ഉണ്ടാകും. അതുകഴിഞ്ഞ് ഏഴു വർഷം കഠിനമായ ക്ഷാമം ഉണ്ടാകും. ക്ഷാമത്തിൽ ദേശം ഒക്കെയും ക്ഷയിച്ചുപോകും. ആകയാൽ ഫറവോൻ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനെ മിസ്രയീംദേശത്തിനു മേലധികാരി ആക്കി വെക്കേണം. കൂടാതെ ഫറവോൻ ദേശത്തിന്മേൽ വിചാരകന്മാരെ ആക്കി സുഭിക്ഷതയുള്ള ഏഴു സംവത്സരത്തിൽ മിസ്രയീംദേശത്തിലെ വിളവിൽ അഞ്ചിലൊന്നു വാങ്ങേണം. ആ ധാന്യം മിസ്രയീംദേശത്തു വരാൻ പോകുന്ന ക്ഷാമകാലത്തേക്കു ദേശത്തിനു സംഗ്രഹമായിട്ടിരിക്കേണം. എന്നാൽ ദേശം ക്ഷാമംകൊണ്ടു നശിക്കുകയില്ല. ഈ വാക്ക് ഫറവോനും ആവന്റെ ഭൃത്യന്മാർക്കും ഇഷ്ടമായി. പിന്നെ ഫറവോൻ യോസഫിനോട് ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തി തന്നതുകൊണ്ട് നിന്നെപ്പോലെ വിവേകവും ജ്ഞാനവും ഉള്ളവൻ ആരും ഇല്ല. നീ എന്റെ ഗൃഹത്തിനു മേലധികാരിയാകും. നിന്റെ വാക്കു എന്റെ ജനമെല്ലാം അനുസരിച്ചു നടക്കും. സിംഹാസനം കൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു. ഫറവോൻ തന്റെ കയ്യിൽ നിന്നു മുദ്രമോതിരം ഊരി യോസേഫിന്റെ കൈക്കു ഇട്ടു. അവനെ വിലകൂടിയ വസ്ത്രവും മാലയും ധരിപ്പിച്ചു. തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി; മുട്ടുകുത്തുവിൻ എന്ന് അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു. അവനെ മിസ്രയീം ദേശത്തിനൊക്കെയും മേലധികാരിയാക്കി.

ഫറവോൻ യോസഫിന് സാപ്നത്ത് പനേഹ് എന്നു പേരിട്ടു. ഓനിലെ പുരോഹിതനായ പൊത്തിഫേറയുടെ മകൾ ആസ്നത്തിനെ അവനു ഭാര്യയായി കൊടുത്തു. യോസഫ് മിസ്രയീംരാജാവായ ഫറവോന്റെ മുമ്പാകെ നിൽക്കുമ്പോൾ അവനു മുപ്പതു വയസ്സായിരുന്നു. മിസ്രയീം ദേശത്തു സുഭിക്ഷത ഉണ്ടായ ഏഴു സംവത്സരത്തിലെ ധാന്യം ഒക്കെയും അവൻ ശേഖരിച്ചു പട്ടണങ്ങളിൽ സൂക്ഷിച്ചു. അങ്ങനെ യോസഫ് കടൽക്കരയിലെ മണൽപോലെ എത്രയും വളരെ ധാന്യം ശേഖരിച്ചു വച്ചു. യോസഫിന് ആസ്നത്തിൽ നിന്ന് രണ്ടു പുത്രന്മാർ ജനിച്ചു മൂത്തയാൾക്ക് മനശ്ശെ എന്നും പേരിട്ടു. മിസ്രയീം ദേശത്തു സുഭിക്ഷതയുള്ള ഏഴു സംവത്സരം കഴിഞ്ഞപ്പോൾ യോസഫ് പറഞ്ഞതുപോലെ ക്ഷാമമുള്ള ഏഴു സംവത്സരം തുടങ്ങി. എന്നാൽ മിസ്രയീം ദേശത്തു എല്ലായിടത്തും ആഹാരം ഉണ്ടായിരുന്നു. പിന്നീട് മിസ്രയീംദേശത്ത് എല്ലായിടത്തും ക്ഷാമം ഉണ്ടായപ്പോൾ ജനങ്ങൾ ആഹാരത്തിനായി ഫറവോനോടു നിലവിളിച്ചു. ഫറവോൻ മിസ്രയീമ്യരോട് നിങ്ങൾ യോസഫിന്റെ അടുക്കൽ ചെല്ലുവിൻ അവൻ പറയുംപോലെ ചെയ്യുവിൻ എന്നു പറഞ്ഞു. യോസഫ് പാണ്ടികശാലകൾ തുറന്നു മിസ്രയീമ്യർക്ക് ധാന്യം വിറ്റു. ഭൂമിയിൽ എല്ലായിടത്തും ക്ഷാമം കഠിനമായി തീർന്നതുകൊണ്ട് സകല ദേശക്കാരും ധാന്യം കൊള്ളുവാൻ മിസ്രയീമിൽ യോസഫിന്റെ അടുക്കൽ വന്നു.

മിസ്രയീമിൽ ധാന്യം ഉണ്ടെന്നു യാക്കോബ് അറിഞ്ഞപ്പോൾ തന്റെ പുത്രന്മാരോട്, മിസ്രയീമിൽ ധാന്യം ഉണ്ടെന്ന്, ഞാൻ അറിഞ്ഞിരിക്കുന്നു. നാം മരി



ക്കാതിരിക്കുവാൻ നിങ്ങൾ ചെന്ന് അവിടെ നിന്നു നമുക്ക് ധാന്യം കൊള്ളുവിൻ എന്നു പറഞ്ഞു. യോസഫിന്റെ സഹോദരന്മാർ പത്തുപേർ മിസ്രയീമിൽ ധാന്യം കൊള്ളുവാൻ പോയി. പക്ഷേ യോസഫിന്റെ അനുജനായ ബെന്യാമീനു വല്ല ആപത്തും ഭവിക്കും എന്നുവെച്ച് യാക്കോബ് അവനെ സഹോദരന്മാരുടെ കൂടെ അയച്ചില്ല. യോസഫ് ആയിരുന്നു ദേശത്തിലെ സകല ജനങ്ങൾക്കും ധാന്യം വിറ്റത്. യോസഫിന്റെ സഹോദരന്മാരും വന്ന് മറ്റുള്ളവരോടൊപ്പം യോസഫിനെ വന്നു വണങ്ങി. യോസഫ് തന്റെ സഹോദരന്മാരെ കണ്ടാറെ അവരെ അറിഞ്ഞു എങ്കിലും അറിയാത്ത ഭാവം നടിച്ച് അവരോട് കഠിനമായി സംസാരിച്ചു. യോസഫ് സഹോദരന്മാരെ അറിഞ്ഞു എങ്കിലും അവർ യോസഫിനെ അറിഞ്ഞില്ല. യോസഫ് അവരെക്കുറിച്ച് കണ്ടിരുന്ന സ്വപ്നങ്ങൾ ഓർത്തു. യോസഫ് അവരോട് നിങ്ങൾ ഒറ്റുകാരാകുന്നു, ദേശത്തിലെ ദുർബലഭാഗങ്ങൾ നോക്കുവാൻ വന്നിരിക്കുന്നു. അവർ അവനോട് അല്ല യജമാനനെ, അടിയങ്ങൾ ആഹാരം കൊള്ളുവാൻ വന്നിരിക്കുന്നു. ഞങ്ങൾ എല്ലാവരും ഒരാളുടെ മക്കൾ ഒറ്റുകാരല്ല, പരമാർത്ഥികളാകുന്നു. ഞങ്ങൾ പന്ത്രണ്ടു പേരാകുന്നു. ഇളയവൻ അപ്പന്റെ അടുക്കൽ ഉണ്ട്. ഒരാൾ ഇപ്പോൾ ഇല്ല എന്നു പറഞ്ഞു.

യോസഫ് അവരോടു പറഞ്ഞു. ഞാൻ ഇതിനാൽ നിങ്ങളെ പരീക്ഷിക്കും. നിങ്ങളുടെ ഇളയസഹോദരൻ ഇവിടെ വന്നല്ലാതെ നിങ്ങൾ ഇവിടെ നിന്നു പുറപ്പെടുകയില്ല. നിങ്ങളുടെ ഇളയസഹോദരനെ കൂട്ടികൊണ്ടുവരുവാൻ നിങ്ങളിൽ ഒരുത്തനെ അയപ്പിൻ നിങ്ങളോ ബദ്ധരായിരിക്കണം. അങ്ങനെ അവൻ അവരെ മൂന്നു ദിവസം തടവിൽ ആക്കി. മൂന്നാം ദിവസം യോസേഫ് അവരോട് ഞാൻ ദൈവത്തെ ഭയപ്പെടുന്നു. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് ഇതു ചെയ്യുവിൻ. നിങ്ങൾ പരമാർത്ഥികൾ എങ്കിൽ നിങ്ങളിൽ ഒരാൾ കാരാഗ്രഹത്തിൽ കിടക്കട്ടെ. നിങ്ങൾ പുറപ്പെട്ട് നിങ്ങളുടെ വീടുകളിലേക്കുള്ള ആഹാരം കൊണ്ടുപോകുവിൻ. നിങ്ങളുടെ ഇളയ സഹോദരനെ എന്റെ അടുക്കൽ കൊണ്ടുവരണം. അതിനാൽ നിങ്ങളുടെ വാക്കു നേരെന്ന് ഞാൻ അറിയും നിങ്ങൾ മരിക്കേണ്ടി വരികയില്ല. അവർ അങ്ങനെ സമ്മതിച്ചു. ഇതു നമ്മുടെ സഹോദരനോടു നാം ചെയ്ത ദ്രോഹത്തിന്റെ ഫലമാകുന്നു. ബാലനോടു ദോഷം ചെയ്യരുത് എന്ന് ഞാൻ പറഞ്ഞതല്ലേ നിങ്ങൾ കേട്ടില്ല. ഇപ്പോൾ ഇതാ അവന്റെ രക്തം നമ്മോടു ചോദിക്കുന്നു എന്ന് രൂബേൻ അവരോടു പറഞ്ഞു. യോസഫ്


വന്ന് ശിമെയോനെ പിടിച്ചു അവർ കാൺകെ ബന്ധിച്ചു. അവരുടെ ചാക്കിൽ ധാന്യം നിറെപ്പാനും വഴിക്കു വേണ്ടിയ ആഹാരം അവർക്കു കൊടുപ്പാനും യോസഫ് കല്പിച്ചു. അവർ ധാന്യം കഴുതപ്പുറത്ത് കയറ്റി യാത്ര പുറപ്പെട്ടു. അവർ കനാൻ ദേശത്തു തങ്ങളുടെ അപ്പനായ യാക്കോബിന്റെ അടുക്കൽ എത്തിയാറെ തങ്ങൾക്ക് സംഭവിച്ചത് ഒക്കെയും അവനോടു അറിയിച്ചു. അവരുടെ അപ്പനായ യാക്കോബ് ഈ സംഭവിച്ചത് ഒക്കെയും കേട്ടപ്പോൾ, "നിങ്ങൾ എന്നെ മക്കളില്ലാത്തവനാക്കുന്നു യോസഫ് ഇല്ല, ശിമെയോനും ഇല്ല, ബെന്യാമീനെയും നിങ്ങൾ കൊണ്ടുപോകും സകലവും എനിക്കു പ്രതികൂലം തന്നെ." അതിനു രൂബേൻ അപ്പനോടു, എന്റെ കയ്യിൽ അവനെ ഏല്പിക്കുക. അവനെ തിരികെ കൊണ്ടുവരാത്തപക്ഷം എന്റെ രണ്ടു മക്കളെ കൊന്നുകളയുക. എന്റെ മകൻ നിങ്ങളോടുകൂടെ പോരുകയില്ല. വഴിയിൽവച്ച് അവനു വല്ല ആപത്തും വന്നാൽ നിങ്ങൾ എന്റെ നരയെ ദുഃഖത്തോടെ പാതാളത്തിലേക്ക് ഇറങ്ങുമാറാക്കും.

അങ്ങനെ ദേശത്ത് ക്ഷാമം കഠിനമായിത്തീർന്നു. യാക്കോബ് തന്റെ മക്കളോട് ഇനിയും നിങ്ങൾ പോയി ആഹാരം കൊണ്ടുവരുവിൻ എന്നു പറഞ്ഞു. അപ്പോൾ യഹൂദാ യാക്കോബിനോട് നീ ഞങ്ങളുടെ സഹോദരനെ ഞങ്ങളോടുകൂടെ അയച്ചാൽ ഞങ്ങൾ ആഹാരം വാങ്ങിക്കൊണ്ടുവരാം. അയക്കാഞ്ഞാലോ ഞങ്ങൾ പോവുകയില്ല. നിങ്ങളുടെ സഹോദരൻ നിങ്ങളോടുകൂടെ ഇല്ലെങ്കിൽ നിങ്ങൾ എന്റെ മുഖം കാണുകയില്ല എന്നു അദ്ദേഹം ഞങ്ങളോടു പറഞ്ഞിരിക്കുന്നു. ഞങ്ങളും നീയും ഞങ്ങളുടെ മക്കളും മരിക്കാതെ ജീവിച്ചിരിക്കേണ്ടതിനു ബാലനെ എന്നോടുകൂടെ അയക്കേണം. ഞാൻ അവനുവേണ്ടി ഉത്തരവായിരിക്കാം. അപ്പോൾ അവരുടെ അപ്പനായ യാക്കോബ് അങ്ങനെ എങ്കിൽ നിങ്ങളുടെ കയ്യിൽ കുറെ ദേശത്തിലെ വിശേഷവസ്തുക്കളിൽ ചിലതൊക്കെയും കൊണ്ടുപോയി അദ്ദേഹത്തിനു കാഴ്ച വെപ്പിൻ. ഇരട്ടി ദ്രവ്യവും നിങ്ങളുടെ ചാക്കിന്റെ വായ്ക്കൽ മടങ്ങിവന്ന ദ്രവ്യവും കയ്യിൽ എടുത്തുകൊൾവിൻ. നിങ്ങളുടെ സഹോദരനെ കൂട്ടി പോകുവിൻ അവൻ ശെമയോനെയും ബെന്യാമീനെയും നിങ്ങളോടു കൂടി അയക്കേണ്ടതിന് സർവ്വശക്തിയുള്ള ദൈവം അവനു നിങ്ങളോടു കരുണ തോന്നിക്കട്ടെ. എന്നാൽ ഞാൻ മക്കളില്ലാത്തവൻ ആകണം എന്നാണ് ദൈവഇഷ്ടമെങ്കിൽ അങ്ങനെയാവട്ടെ. അങ്ങനെ അവർ യാക്കോബ് കൊടുത്തുവിട്ട കാഴ്ചവസ്തുക്കളുമായി ബെന്യാമീനെയും കൂട്ടി മിസ്രയീമിൽ ചെന്ന് യോസഫിന്റെ മുമ്പിൽ നിന്നു. ❑



പെരുമ്പാവൂർ ബഥേൽ സൂലോക്കോ പള്ളിയിൽ വി. തോമസ് ശ്ലീഹായുടെ മഹാ ജൂബിലി പെരുന്നാൾ കൊടിയേറ്റ് യൂഹാനോൻ മാർ പോളികാർപ്പോസ് നിർവഹിക്കുന്നു.

പ്രൊഫ. ടി.എം. സാമുവൽ കോറെപ്പിസ്കോപ്പാ അന്തരിച്ചു



മൈലപ്ര: തുമ്പമൺ ഭദ്രാസനത്തിലെ മുതിർന്ന വൈദികൻ മൈലപ്ര തയ്യിൽ വീട്ടിൽ റിട്ട. പ്രൊഫ. ടി. എം. സാമുവൽ കോറെപ്പിസ്കോപ്പ (89) അന്തരിച്ചു. സംസ്കാരം പിന്നീട്. കാതോലിക്കേറ്റ് കോളജ് സുറിയാനി വിഭാഗം മുൻ തലവൻ, മൈലപ്ര പഞ്ചായത്ത് മുൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: കടമ്പനാട് ചരുവിള പുത്തൻവീട്ടിൽ ലീലാമ്മ.

മക്കൾ: സാലി, സജു, സുജ, പരേതനായ സിബു. മരുമക്കൾ: ബില്ലി വർഗീസ്, റാണി മാത്യു, ജോൺ പണിക്കർ.



കണ്ടനാട് മർത്തമറിയം ഓർത്തഡോക്സ് സുറിയാനി കത്തീഡ്രൽ പള്ളിയിൽ നിന്നും മാർത്തോമാ ഏഴാമൻ അന്ത്യവിശ്രമം കൊള്ളുന്ന കോലഞ്ചേരി പള്ളിയിലേക്കു നടത്തിയ തീർത്ഥയാത്ര.

Church Calendar

His Leadership

St. Mark 9:33-41

Fr Nithin V Rajan



"A leader is one who knows the way, goes the way, and shows the way" -.John C. Maxwell. Leaders provide that backbone to an establishment, around which it develops, it blossoms into a bigger entity encompassing the dream of very individual working for the cause of the institution. They provide them with a vision, a need to achieve excellence and outgrow themselves into a better individual. Successful leaders walk the talk, demonstrating the behaviors required to achieve the goal. Good leadership stimulates and activates others to achieve a task or think with creativity, vision, integrity and skill for the benefit of all concerned and not for self-satisfaction and actualization.

Today's Scriptural reading leads to such an instance of a good leadership quality shown by Jesus Christ.

Who is Greatest?

St. Mark 9:33-34 *"They came to Capernaum. When he was in the house, he asked them, "What were you arguing about on the road?" But they kept quiet because on the way they had argued about who was the greatest".* Jesus set a classic example of inter personal relationship. If Jesus had stopped on the way and questioned it then right away, they would have been hurt emotionally. Here we see Christ asking them privately after they came into the house. Correction is needed but at the right time and place.

Everyone has feelings and hurting their feelings for corrections may bruise the relationship. We don't get anything by hurting others but mistakes need to be corrected. Their way of dealing with relations is a very important leadership trait. A good leader knows their people and their personalities. Leadership comes with great responsibilities. Always conduct any type of advising in private. Taking corrective steps with proper advice can save further clashes. This is a very important corporate and personal management step to save employees and relationships.

The question of 'Who is Greatest?' is a very important one to ponder. What is greatness? How do we achieve it? As human being we too tend to think that greatness is in worldly richness and its vanity. Greatness according to God is not measured by the worldly richness. We can achieve it by being humble and grounded in Christ's words.

Servant leadership:

St. Mark 9:35 *"Sitting down, Jesus called the Twelve and said, "Anyone who wants to be first must be the very last, and the servant of all."* Jesus washing the feet of the disciples is the classic Christian model of how a leader must be a servant.

Leadership in times of prosperity and peace is different from leadership in times of troubles and tribulation. The aim of leadership is to equip and encourage others so that they may remain steady and effective in times of troubles and miseries, than losing hope. Servant leadership is not merely doing low tasks, nor does it serve as an approach to satisfy the leaders' own needs. Servant leadership tries to enable others to do their best. They are willing to do humble tasks, but they always have a superior visualization. A serving outlook does not suggest readiness to be abused by others or the toleration of exploitation by the association.

"Servant" is from the Greek root word 'diakonos' and simply means 'a servant,' or 'one who executes the command of another. It is from here we get our word "deacon" which is someone who manages church resources to fill the needs of the members.

Servant leadership is The Way of the Cross ***St Mark 8:34-38*** *"Then he called the crowd to him along with his disciples and said: "Whoever wants to be my disciple must deny themselves and take up their cross and follow me. For whoever wants to save their life[a] will lose it, but whoever loses their life for me and for the gospel will save it. What good is it for someone to gain the whole world, yet forfeit their soul? Or what can anyone give in exchange for their soul? If anyone is ashamed of me and my words in this adulterous and sinful generation, the Son of Man will be ashamed of them when he comes in his Father's glory with the holy angels."*

A servant leadership outlines everyone as part of a team working to the same end. People play different roles at different times, according to their proficiency and task assigned or accepted. Here is a circular leadership where there is no starting or ending point rather than a hierarchical pyramid being positioned by their rank or title. This creates a co-operative environment where there is sharing and caring. There is no push or pull from top to down or vice-versa. There is a horizontal relationship of equality and tenderness.

Whoever is not against us is for us

St. Mark 9:38-41 *Teacher," said John, "we saw someone driving out demons in your name and we told him to stop, because he was not one of us". Do not stop him," Jesus said. "For no one who does a miracle in my name can in the next moment say anything bad about me, for whoever is not against us is for us. Truly I tell you, anyone who gives you a cup of water in my name because you belong to the Messiah will certainly not lose their reward.*

The words of John means that someone who doesn't belong to them is doing some miraculous work, that too not accepting or taking permission from their master. Here St. John tries to make them an exclusive community of Christ where the others couldn't or shouldn't come in. Here we see a contradiction between the leader and the disciples. Christ tries to be inclusive of all with the last, lost and least. St. John tries to differ from his master's ideology, where Christ was called the friend of the tax collectors and sinners.

The one who is not against us is for us. The aim of our Christian life should be to look into the goodness in everyone. We should be overjoyed whenever we witness good works of others than to find ourselves jealous. We shouldn't be like Cain, who in his anger that God accepted Abel sacrifice went out and killed him. We need to accept other as they are, because everyone is created in the Image and likeness of God.

Lord Jesus Christ, when I am envious of others, especially when I am jealous of their good works, help me to see this as my iniquity. Help me to serve others and not to be served. Amen. ❑



മീനടം സെൻറ് തോമസ് ഓർത്തഡോക്സ് വലിയപള്ളി യുവജന പ്രസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ യൂഹാനോൻ മാർ പോളിക്കാർപ്പോസ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോൺ ശങ്കരത്തിൽ, ഫാദർ എം. സി. ജോർജ്, ഫാ. തോമസ് സാമുവൽ, കേന്ദ്ര ട്രഷറർ പേൾ കണ്ണേത്ത് എന്നിവർ സമീപം.



കൊട്ടാരക്കര-പുനലൂർ ഭദ്രാസന യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം പടിഞ്ഞാറെതെരുവ് സെൻറ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടന്നു. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

മലങ്കര അസ്സോസിയേഷൻ: പ്രതിനിധികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കോട്ടയം: മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പ്രതിനിധികളുടെ അന്തിമ ലിസ്റ്റ് ദേവലോകം കാതോലിക്കേറ്റ് അരമനയിലും, അസ്സോസിയേഷൻ യോഗസ്ഥലത്തും, സഭയുടെ വെബ്സൈറ്റിലും (www.mosc.in) പ്രസിദ്ധീകരിച്ചു. ലോകമെമ്പാടും നിന്നുള്ള 30 ഭദ്രാസനങ്ങളിൽ നിന്നായി 4301 പ്രതിനിധികൾ ഓഗസ്റ്റ് 4-ന് പത്തനാപുരം മൗണ്ട് താബോർ ദയറാ അങ്കണത്തിൽ നടത്തപ്പെടുന്ന അസ്സോസിയേഷനിൽ പങ്കെടുക്കും. മലങ്കര മെത്രാപ്പോലീത്താ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും. 2022-2027 വർഷത്തേക്കുള്ള വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പാണ് യോഗത്തിൻറെ പ്രധാന അജണ്ട. തെരഞ്ഞെടുപ്പിന്റെ വോട്ടിംഗ് ഓൺലൈൻ വഴി ആയിരിക്കും നടത്തപ്പെടുന്നത്.



പത്തനംതിട്ട കളക്ട്രേറ്റിലേക്ക് തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച്

പത്തനംതിട്ട: വനപ്രദേശത്തിനു ചുറ്റും ബഫർസോൺ ഏർപ്പെടുത്തണമെന്ന ഉത്തരവിനെതിരെ മലയോര മേഖലയുടെ ആശങ്ക അറിയിച്ചുകൊണ്ട് തുമ്പമൺ ഭദ്രാസനത്തിൻറെ നേതൃത്വത്തിൽ പത്തനംതിട്ട കലക്ളട്രേറ്റിന് മുമ്പിലേക്ക് പ്രതിഷേധ മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു. കുര്യാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേബിയോസ്, ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ്, ഫാ. ജെസ്സൻ പി. വൈ., സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വൈദികർ, വിശ്വാസികൾ എന്നിവരടങ്ങിയ വൻജനാവലി കളക്ട്രേറ്റ് മാർച്ചിലും, ധർണ്ണയിലും പങ്കെടുത്തു.



നട്ടാശേരി സെന്റ് തോമസ് പള്ളിയിൽ മാർത്തോമാ ശ്ലീഹായുടെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് 'മാർത്തോമൻ സ്മൃതി' നടത്തപ്പെട്ടു. യൂഹാനോൻ മാർ മിലിത്തോസ് ആമുഖ പ്രഭാഷണം നടത്തി. സഭാചരിത്രകാരനായ ഡെറിൻ രാജു മുഖ്യപ്രഭാഷണം നിർവഹിച്ചു. വികാരി ഫാ. പി. എ. ഫിലിപ്പ് സ്വാഗതം പറഞ്ഞു.



മാവേലിക്കര ഭദ്രാസന മർത്തമറിയം വനിതാ സമാജം പശ്ചിമ മേഖല ചേപ്പാട് ഗ്രൂപ്പ് സമ്മേളനം മുതുകുളം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ മർത്തമറിയം വനിതാ സമാജം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. കോശി മാത്യു ഉദ്ഘാടനം ചെയ്തു. ചേപ്പാട് ഗ്രൂപ്പ് പ്രസിഡന്റ് ഫാ. ഐ. ജെ. മാത്യു അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ ബൈബിൾ ക്ലാസ്സെടുത്തു.



Dr. Joseph Mar Dionysius Metropolitan delivered a speech on Apostolic Ministry at Leonard Theological College, Jabalpur on the occasion of Dukhrono of St. Thomas, July 3rd and inaugurated the new academic year of theological studies.

എൻജിനീയറിങ് പഠനത്തിന് ഓർത്തഡോക്സ് സഭാ സ്കോളർഷിപ്പ്

പീരുമേട്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഉടമസ്ഥതയിലുള്ള പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എൻജിനിയറിങ് ആൻഡ് ടെക്നോളജിയിൽ ഈ അധ്യയന വർഷം പ്രവേശനം നേടുന്ന, സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ് നൽകും.

ഓൺലൈനായി നാളെ നടത്തുന്ന സ്കോളർഷിപ് പരീക്ഷയിൽ മികച്ച വിജയം നേടുന്നവർക്ക് ഫീസിളവോടെ മെക്കാനിക്കൽ, സിവിൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ബ്രാഞ്ചുകളിൽ പ്രവേശനം നൽകും.

പ്ലസ് ടു ഫിസിക്സ്, കെമിസ്ട്രി, മാത്സ് ആധാരമാക്കിയുള്ള ഒരു മണിക്കൂർ ഒബ്ജെക്ടീവ് പരീക്ഷയാണ് നടത്തുക. ഇതോടൊപ്പം ജെഇഇ, കെഇഎഎം എന്നിവയിൽ ഒന്നിൽ യോഗ്യത നേടണം. 2014 മുതൽ ആയിരത്തോളം കുട്ടികൾക്ക് ഈ സ്കോളർഷിപ് ലഭിച്ചു.

വിശദ വിവരങ്ങൾക്ക്: 9072200344, 7559933571.

പുളിന്താനം പള്ളി 1934 ഭരണഘടനപ്രകാരം ഭരിക്കപ്പെടണം

പോത്താനിക്കാട്: അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട പുളിന്താനം സെന്റ് ജോൺസ് ബസ്ഫാഗെ പള്ളിയുടെ ഒറിജിനൽ സ്യൂട്ടിൽ അന്തിമ വിധിയായി.

പള്ളി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരിടവക പള്ളിയാണ് എന്നും, 1934-ലെ സഭാഭരണഘടനപ്രകാരം മാത്രമെ ഭരണം നടത്താവു എന്നും അല്ലാത്തവർക്ക് ശാശ്വത നിരോധനവും ഏർപ്പെടുത്തി വിധിയായി.

പള്ളിയുടെ കേസ് നിലവിലിരിക്കെ പള്ളിയുടെ പാരീഷ് ഹാൾ, പള്ളിയുടെ പുരയിടം മറ്റൊരു അസോസിയേഷനിലെക്ക് വിഘടിത വിഭാഗം കൈമാറ്റം ചെയ്ത ആധാരം റദ്ദാക്കുകയും അപ്രകാരം ഉണ്ടാക്കിയ ഡീഡുകൾ പള്ളിക്ക് ബാധകമല്ല എന്നും കോടതി വിധിച്ചു. പള്ളിയുടെ വസ്തുവകകൾ 1934 ഭരണഘടനയ്ക്ക് വിധേയമായി മാത്രമെ ഭരിക്കപ്പെടാവൂ എന്നും മൂവാറ്റുപുഴ സബ് കോടതി പ്രസ്താവിച്ചു.

1934-ലെ സഭാ ഭരണഘടനയുടെ 4 ഉം 8 ഉം വകുപ്പ് അനുസരിച്ചും 1934 പ്രകാരമുള്ള വികാരിയുടെ മുമ്പിൽ കുമ്പസാരം നടത്തിയും ഭരണഘടന പൂർണ്ണമായി അംഗീകരിക്കുന്നവർക്കെ മാത്രമെ ഈ ഇടവക പൊതുയോഗ അംഗം ആയിരിക്കാൻ കഴിയൂ എന്നും കോടതി വിധിച്ചു. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയ്ക്ക് വേണ്ടി അഡ്വ. തോമസ് അധികാരം ഹാജരായി.



ഫിനഹാസ് റമ്പാൻ അന്തരിച്ചു

കോലഞ്ചേരി: മലേക്കുരിശ് ദയറയിൽ കഠിന സന്യാസ ജീവിതം നയിച്ച ഫിനഹാസ് റമ്പാൻ (88) അന്തരിച്ചു. സംസ്കാരം ദയറയിൽ നടത്തി. ദയറയിലെ മുറിയിൽ പ്രാർഥനയും പഠനവുമായി ഒതുങ്ങിയ റമ്പാൻ ദയറ യിലെ തിരുനാൾ പ്രദക്ഷിണത്തിൽ പങ്കെടുക്കാൻ മാത്രമാണു പുറത്തിറങ്ങിയിരുന്നത്. വല്ലപ്പോഴും പിറമാടം, മഞ്ഞനിക്കര ദയറകളിലേക്കും യാത്ര നടത്തി. ഒരു നേരം മാത്രമായിരുന്നു ഭക്ഷണം.

ചെറായി വാഴപ്പിള്ളിയിൽ പത്രോസ് കോറെപ്പിസ്കോപ്പയുടെയും മണർകാട് മാന്താറ്റിൽ മറിയാമ്മയുടെയും മകനായി 1934 ഏപ്രിൽ 14-ന് ആയിരുന്നു ജനനം. തപാൽ വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന ജോസഫ് 1967-ൽ ജോലി ഉപേക്ഷിച്ചാണു സന്യാസത്തിലേക്ക് എത്തിയത്. 2006-ൽ കശീശ പട്ടവും റമ്പാൻ സ്ഥാനവുമേറ്റു. പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പത്രിയർക്കീസ് ബാവാ 2010 സെപ്റ്റംബർ 22-ന് 'ദയറോ നാശീഹോ' ശീർഷകം നൽകി ആദരിച്ചു.

ഫിനഹാസ് റമ്പാൻ; പേര് അന്വർഥമാക്കിയ ആത്മീയ ജീവിതം

കോലഞ്ചേരി: ആത്മീയതയുടെ വിശുദ്ധി ജീവിതത്തിലൂടനീളം കാത്തു സൂക്ഷിച്ച ഹിനഹാസ് റമ്പാൻ ഇനി ഓർമ. കാലം ചെയ്ത ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായി (മൂവാറ്റുപുഴ) അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹം 1976 മുതൽ മലേക്കുരിശ് ദയറയിൽ ആയിരുന്നു താമസം.

ആത്മീയ കാര്യങ്ങൾക്കായി ചുരുക്കം സമയത്തു മാത്രം പുറത്തിറങ്ങിയിരുന്ന റമ്പാൻ സ്വന്തം മാതാപിതാക്കളുടെ സംസ്കാരത്തിനു പോലും ദയറ വിട്ടു പോയിരുന്നില്ല. ദയറ പള്ളിയുടെ പെരുന്നാൾ റാസയിലും മഞ്ഞനിക്കര, പിറമാടം ദയറകളിൽ പോകുന്നതിനുമാണ് പ്രധാനമായും അദ്ദേഹം പുറത്തിറങ്ങിയിരുന്നത്.

കഠിനമായ സന്യാസ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. പകൽ ഒരു നേരം മാത്രമായിരുന്നു ഭക്ഷണം. പരിശുദ്ധ പിതാക്കന്മാരുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിട്ടുള്ള മുറിയിലെ തറയിലായിരുന്നു ആദ്യ കാലങ്ങളിൽ കിടന്നിരുന്നത്. സുറിയാനി, ഇംഗ്ലിഷ്, സംസ്കൃതം എന്നിവയിൽ പാണ്ഡിത്യമുണ്ടായിരുന്ന റമ്പാൻ മുഴുവൻ സമയവും പ്രാർഥനയിലും പുസ്തകപാരായണത്തിലും മുഴുകി.

തപാൽ വകുപ്പിലെ ഉദ്യോഗം രാജിവച്ചാണു ആത്മീയ ജീവിതത്തിലേക്കു വന്നത്. പിതാവായ പത്രോസ് കോറെപ്പിസ്കോപ്പയ്ക്കു താൽപര്യം ഉണ്ടായിരുന്നില്ലെങ്കിലും 1967-ൽ ജോസഫ് ജോലിയും വീടും ഉപേക്ഷിച്ചു സന്യസ്ത ജീവിതത്തിലേക്കു കടന്നു. തുടർന്നു ദയറയിൽ അധ്യാപകനായി. ശെമ്മാശ്ശന്മാരെ സുറിയാനി പഠിപ്പിച്ചു. പൗരോഹിത്യം സ്വീകരിക്കാൻ ആദ്യകാലത്ത് അദ്ദേഹം തയാറായിരുന്നില്ല. ദയറാധിപൻ കുര്യാക്കോസ് മാർ ദിയസ്കോറസ് 2006 ഒക്ടോബർ 28-ന് വൈദികപട്ടവും നവംബർ 2-ന് റമ്പാൻ സ്ഥാനവും നൽകി.

'വിശുദ്ധിയെ അങ്കിയായി ധരിച്ചവൻ' എന്ന് അർഥം വരുന്ന 'ഫിനഹാസ് എന്ന പേരാണ് റമ്പാനു നൽകിയത്. ആ നാമത്തെ അന്വർഥമാക്കുന്ന ജീവിതമാണ് അദ്ദേഹം നയിച്ചതും.



കോട്ടയം വൈദിക സെമിനാരിയിൽ പുതിയ അദ്ധ്യയന വർഷത്തിന് തുടക്കമായി

മലങ്കരസഭയുടെ പഠിത്തവീടായ പഴയസെമിനാരിയിൽ പുതിയ അദ്ധ്യയന വർഷത്തിന് വിശുദ്ധ കുർബ്ബാനയോടെ തുടക്കം കുറിച്ചു. സെമിനാരി വൈസ് പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ വിശുദ്ധ കുർബ്ബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. നിയുക്ത മെത്രാപ്പോലീത്താമാർ സഹകാർമ്മികരായിരുന്നു. സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. റെജി മാത്യു, മാനേജർ ഫാ. ജോബിൻ വർഗീസ്, സെമിനാരി അദ്ധ്യാപകർ എന്നിവർ സന്നിഹിതരായിരുന്നു.



നാഗപ്പൂർ സെന്റ് തോമസ് സെമിനാരിയിൽ പുതിയ അദ്ധ്യയന വർഷാരംഭത്തിൽ വൈസ് പ്രസിഡണ്ട് ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് വി. കുർബാന അർപ്പിച്ചു.



വൈദികട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ രചിച്ച 'മലങ്കരയുടെ മാർത്തോമൻ പൈതൃകം' എന്ന പുസ്തകം മലങ്കര ഓർത്തഡോക്സ് സഭയുടെ മുൻ അസോസിയേഷൻ സെക്രട്ടറി പ്രൊഫ. ഡോ. അലക്സാണ്ടർ കാരയ്ക്കൽ പ്രകാശനം ചെയ്തു.



പ. പൗലോസ് ദ്വിതീയൻ ബാവ തിരുമേനിയുടെ ഒന്നാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ചു പഴഞ്ഞി മേഖലയിൽ നടത്തിയ അനുസ്മരണ സമ്മേളനം കോതമംഗലം മാർത്തോമൻ ചെറിയ പള്ളി വികാരി തോമസ് പോൾ റമ്പാൻ ഉദ്ഘാടനം ചെയ്തു. പഴഞ്ഞി മേഖല സൺഡേസ്കൂൾ വിദ്യാർത്ഥികൾ ഗുരുപ്രണാമം പദ്ധതിക്കായി സമാഹരിച്ച തുക സണ്ടേസ ്കൂൾ പഴഞ്ഞി മേഖല പ്രസിഡണ്ട് ഫാ. ഷിജു കാട്ടിൽ, ജില്ലാ ഇൻസ്പെക്ടർ സണ്ണി എന്നിവർ ചേർന്നു കൈമാറി.



കോതമംഗലം സാന്ത്വനം സ്പെഷ്യൽ സ്കൂളിന്റെ രക്ഷാധികാരിയായിരുന്ന പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ സാന്ത്വനം കുടുംബം അനുസ്മരിച്ചു. പരിശുദ്ധ പിതാവിനെക്കുറിച്ച് സാന്ത്വനം സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥിയായ ജൂണോ രചിച്ച് പാടി അഭിനയിച്ച വീഡിയോ സിസ്റ്റർ ദീന (സുപ്പീരിയർ, ബദ്‌ലഹേം ദയറ) പ്രകാശനം ചെയ്തു.

കേരള വടംവലി അസോസിയേഷൻ സംസ്ഥാന ട്രഷററായി ടെലിൻ കെ തമ്പിയെ തിരഞ്ഞെടുത്തു. പാലക്കാട് യാക്കര സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

